
ഗാന്ധിജിയുടെ സമരങ്ങൾ

2020 ഒക്ടോബർ 1
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00


# യുറീക്ക




# അരയന്നങ്ങൾ


പണ്ടു പണ്ട്... വിയാൻമിയാവിയ്ക്ക് ഒരു കൊച്ചു കുളമുണ്ടായിരുന്നു. താമരയും ആമ്പലുമൊന്നുമല്ലാതെ പച്ചനിറത്തിലുള്ള പൂക്കൾ വിരിഞ്ഞു നിൽക്കുന്ന ഒരു കുഞ്ഞിക്കുളം. ആ പച്ചപ്പൂക്കൾ പായൽപ്പൂക്കളായിരുന്നത്രേ. ദൂരെ ദൂരെ കാട്ടുപ്രദേശത്തുള്ള വിയാമിജിയിൽ നിന്നുപോലും അരയന്നങ്ങൾ ഈ പൂ തേടി വന്നു. വിയാൻമിയാവിയ്ക്ക് അരയന്നങ്ങളെ ഇഷ്ടമായിരുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ കണ്ടാലും അവൾക്ക് മതിവരില്ല. അങ്ങനെയാണ് രാത്രിയിൽ അവൾ അരയന്നങ്ങളെ ഉണ്ടാക്കാൻ തുടങ്ങിയത്. അങ്ങനെ, ദാ... നമുക്കും ഉണ്ടാക്കാം. ഒരു ഷീറ്റ് കടലാസ്സെടുക്കൂ....

അടയാളം വരുന്ന വിധത്തിൽ പകുതിയായി മുന്നിലേക്കും പിന്നിലേക്കും മടക്കുക.







നടുവിലെ രേഖയിൽ എത്തിച്ചേരുന്ന വിധത്തിൽ കുത്തിട്ട ഭാഗത്തിലൂടെ മടക്കുക.




കുത്തിട്ട ഭാഗത്തിലൂടെ പുറത്തേക്ക് മടക്കുക.




പകുതിയായി മടക്കുക.



കുത്തിട്ട ഭാഗത്തിലൂടെ മടക്കി ഉയർത്തി വയ്ക്കുക.




കുത്തിട്ട ഭാഗത്തിലൂടെ മടക്കുക.



കുത്തിട്ട ഭാഗത്തിലൂടെ മടക്കുക.

കുത്തിട്ട ഭാഗത്തിലൂടെ ഉള്ളിലേക്കും പുറത്തുമായി മടക്കി പോക്കറ്റ് ഫോൾഡ് ചെയ്തെടുക്കുക. കണ്ണുകൾ വരയ്ക്കുന്നതോടെ അരയന്നം പൂർത്തിയായല്ലോ.



*കടപ്പാട്: അങ്കണവാടി പ്രവർത്തക പരിശീലന പരിപാടി കൈപ്പുസ്തകം, ഐ ആർ ടി സി*

2020
ഒക്ടോബർ 1
വാല്യം: 42
ലക്കം: 9

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com



## ലേഖനങ്ങൾ

6. ഗാന്ധിജിയുടെ സമരങ്ങൾ :
ശ്രീലക്ഷ്മി / ടി പി കുഞ്ഞിക്കണ്ണൻ

14. ലിൻസിപ്രിയ കൻഗുജം
പോരാളിയായ കുട്ടുകാരി :
പ്രൊഫ.പി കെ രവീന്ദ്രൻ

16. തന്മാത്രകൾ കൂടിച്ചേരുകയും
വേർപിരിയുകയും
ചെയ്യുന്നതെങ്ങനെ? :
പുനഃ ഡോ.സംഗീത ചേനംപുല്ലി

33. പറയാം, പല്ലുവിശേഷങ്ങൾ:
ഡോ.മണികണ്ഠൻ ജി ആർ

## കഥ

12. ക്വാറന്റൈൻ:
വിലാസിനി ടി വി

20. ചക്കരമാവല്ലേ :
റഫീക്ക് പൂനത്ത്

28. ഇങ്ങനെയുമൊരു കഥ :
ഷിനോജ് രാജ്

## കവിത

11. മിന്നലേ മിന്നലേ :
രതീശൻ ചെക്കിക്കുളം

32. കാർത്തിക :
എം എം രാജൻ കുറിഞ്ഞാലിയോട്

37. പുലരി :
സി എം വിനയചന്ദ്രൻ

## നോവൽ

30. ഭൂമിയിലെ
നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**പംക്തികൾ**


2. ഒറിഗാമി
22. കാഴ്ചപ്പുറം
24. ഞാറ്റടി
36. ആരെന്ന് പറയാമോ?
38. യു.മെയിൽ
40. പീക്കിരി.ഇൻ


**കവർ**

സതീഷ് കെ

**ബാക്ക് കവർ**

ലോക പാർപ്പിട ദിനാചരണത്തി (2019)ൽ നടത്തിയ കുട്ടികളുടെ ചിത്രരചനാമത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച ചിത്രം- Yeseo Park, China, 6th Grade വരച്ചത്.

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ


വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

സങ്കടം തീരെ സഹിക്കാതായപ്പോൾ വലിയ വീടിന്റെ കണ്ണുനിറഞ്ഞു. അകത്ത് മേശപ്പുറത്ത് കിടക്കുന്ന വിരി വലിച്ചെടുത്ത് അത് കണ്ണുതുടച്ചു. അപ്പുറത്തെ കൊച്ചുവീടിനോട് അത് തന്റെ സങ്കടം വിവരിക്കുകയായിരുന്നു. ഒരുപാട് പണം മുടക്കി പണികഴിപ്പിച്ച വീടാണ്. രണ്ടേ രണ്ടു ദിവസം മാത്രമാണ് ഉടമസ്ഥർ താമസിച്ചത്. പിന്നെ പൂട്ടിയിട്ടതാണ്. അവർക്ക് പല സ്ഥലങ്ങളിലായി വേറെയും വീടുകൾ ഉണ്ടത്രേ. ആഡംബര വസ്തുക്കളൊക്കെ ഒരുപാടുണ്ട്. കണ്ണാടി പോലെ മിന്നുന്ന ഇറ്റാലിയൻ മാർബിൾ തറകൾ, വെട്ടിത്തിളങ്ങുന്ന വാതിലുകളും ജനലുകളും. നിറയെ വിലകൂടിയ ഫർണിച്ചറുകൾ, നക്ഷത്രങ്ങളെ ഓർമിപ്പിക്കുന്ന അലങ്കാര വിളക്കുകൾ, മോഷ്ടാക്കൾ വരുന്നുണ്ടോ എന്നറിയാൻ സദാസമയവും കണ്ണു തുറന്നിരിക്കുന്ന യന്ത്രസംവിധാനങ്ങൾ...

'എന്തുണ്ടായിട്ടെന്താ ചങ്ങാതീ.. എന്റെ ജീവിതം ഇങ്ങനെയൊക്കെ ആയിപ്പോയി. ആരുടെയെങ്കിലും സ്പർശനമേൽക്കാഞ്ഞിട്ട് ആകെ കിരുകിരുക്കുന്നു. ആ ജനലുകളിലൂടെ ഇത്തിരി ശുദ്ധ വായു അകത്തേക്ക് വരുന്നത് ഞാൻ എന്നും സ്വപ്നം കാണുന്നു.'

'കരയാതെ ചങ്ങാതീ കരയാതെ..' കൊച്ചുവീട് അയൽവീടിനെ സമാധാനിപ്പിച്ചു.

വലിയ ഗമയിൽ നിന്ന ആളാ. തന്റെ നേരെ ഒന്നു നോക്കാൻ പോലും ആദ്യനാളുകളിൽ മുതിരാതിരുന്ന കക്ഷിയാ. വലിയ പുച്ഛമായിരുന്നു തങ്ങളെപ്പോലുള്ള ചെറിയവരോട്. അത് പോട്ടെ, ഒരാൾ വിഷമിക്കുമ്പോൾ പഴയ കാര്യങ്ങൾ ആലോചിച്ച് മാറിനിൽക്കുകയല്ലല്ലോ വേണ്ടത്.

'നീ വിഷമിക്കാതെ. എല്ലാം ശരിയാവുന്ന ഒരു നാൾ വരുമെന്ന് നമുക്ക് ആശിക്കാം. ഒരു കാര്യം ഓർത്തോളൂ. നിന്നെപ്പോലെ വിഷമിക്കുന്നവരായി ഒത്തിരിപ്പേരുണ്ട്. കേരളത്തിൽ തന്നെ പതിനൊന്ന് ലക്ഷത്തിൽ പരം വീടുകൾ ആളില്ലാതെ അടച്ചു കിടക്കുകയാണപോലും. കഴിഞ്ഞ ദിവസം ഇവിടെ വന്ന ഒരു മാഷ് പറയുന്നത് ഞാൻ കേട്ടതാ. മാഷ് അത്തരം വീടുകളെ ഒരു പേരും വിളിച്ചു. മിച്ചവീടുകൾ എന്ന്. അത് കേട്ടപ്പോൾ എനിക്ക് നല്ല രസം തോന്നിയിരുന്നു. കയ്യിലുള്ള പണം സുരക്ഷിതമാക്കാൻ ഒരു മുതൽമുടക്ക് നടത്തുന്നതാണപോലും ഇങ്ങനെ ആവശ്യമില്ലാത്ത വീടുകൾ കെട്ടിയിടുന്നത്. എപ്പോൾ വേണമെങ്കിലും വിറ്റ് പണമാക്കാനുള്ള ഒരു മുതൽ മുടക്ക്. എന്നാലിങ്ങനെ ആളില്ലാ വീടുകൾ പെരുകുന്ന അതേ അവസരത്തിൽത്തന്നെ ഒരുപാടാളുകൾക്ക് ഒരു വീട് എന്നത് സ്വപ്നമായി തുടരുകയും ചെയ്യുന്നു.

# പാർക്കാനുള്ള ഇടം




മാഷ് പിന്നെ പറഞ്ഞതൊക്കെ കേട്ടപ്പോൾ ശരിക്കും സങ്കടം വന്നു ട്ടോ. ലോകത്താകെ ഏതാണ്ട് പത്തുകോടി ആളുകൾ വീടില്ലാത്തവരായുണ്ടുപോലും. നഗരങ്ങളിലൊക്കെ നാലുകാലുകളും പഴയ ടിൻ ഷീറ്റുകളും ഫ്ലക്സ് ബോർഡുകളുമെല്ലാം കൂട്ടിച്ചേർത്ത് കൂടാരം പോലെ ചിലത് നിരനിരയായ് കെട്ടിയതിലാണ് ആളുകൾ താമസിക്കുന്നതത്രേ. എന്താ അത്,.. ഞാൻ മറന്നു.. ഓ, ചേരി, ശരിയാ അതുതന്നെ, ചേരി എന്നാണുപോലും അതിന് പറയുന്നത്. ചളിയും അഴുക്കുജലവും മലവുമെല്ലാം ചേർന്ന് അനാരോഗ്യകരമായ ചുറ്റുപാടുകളുമായി കഴിയുന്ന പാവങ്ങൾ. അതുപോലും ഇല്ലാതെ രാത്രിയാവുമ്പോൾ റോഡിലും വഴിയോരങ്ങളിലും കിടന്നുറങ്ങുന്നവർ വേറെയുമുണ്ടുപോലും.'

വലിയ വീട് തലകുലുക്കി. 'ശരിയാ എന്നെ ഉണ്ടാക്കിയ പണംകൊണ്ട് ചുരുങ്ങിയത് പത്തുപതിനഞ്ച് വീടുകളെങ്കിലും ഉണ്ടാക്കാമായിരുന്നു എന്ന് എനിക്ക് കഴിഞ്ഞ ദിവസം തോന്നിയിരുന്നു. അല്ല, ഇങ്ങനെ ഓരോന്ന് ആലോചിച്ച് നിന്നാല്ലേ ഞാൻ നേരം പോക്കുന്നത്. പകലാണെങ്കിൽ കത്തുന്ന വെയിലാണ്. നല്ല കാഴ്ച കിട്ടില്ല എന്നും പറഞ്ഞ് അടുത്തുണ്ടായിരുന്ന എല്ലാ മരങ്ങളും അവര് മുറിച്ചുമാറ്റിയതാ. ദുഷ്ടന്മാര്. തലയ്ക്കകത്ത് മുഴുവൻ പകലത്തെ ചൂടാ. അതാലോചിച്ചിട്ട് രാത്രിയും ഞാനിങ്ങിനെ വിങ്ങും. നിന്റെ പറമ്പിലേക്ക് നോക്കുമ്പോൾ തന്നെ കണ്ണിന് ഒരു സുഖാ ട്ടോ. നിറയെ മരങ്ങൾ.'

'അത് നേരാ..ട്ടോ' ചെറിയ വീട് വലിയ വീട് പറഞ്ഞതിനെ ശരിവെച്ചു. 'ഇവിടുത്തെ ചേച്ചിയും ചേട്ടനും അക്കാര്യത്തിലൊക്കെ വല്ല്യ അറിവുള്ളോരാ. എന്നെ പണികഴിപ്പിച്ചത് തന്നെ ഈ ചുറ്റുവട്ടത്തൊക്കെ കിട്ടുന്നവയും ചിലവ് കുറഞ്ഞവയുമായ വസ്തുക്കൾ ഉപയോഗിച്ചാണെന്നാ അവര് പറഞ്ഞത്. ലാറി ബേക്കർ എന്ന വലിയൊരു മനുഷ്യൻ പറഞ്ഞ രീതിയിലാണത്രേ അവര് എന്നെ തയ്യാറാക്കിയത്. പാർക്കാനുള്ള ഇടമാണ് പാർപ്പിടം. അത് പൊങ്ങച്ചം കാണിക്കാനുള്ളതല്ലെന്നാ അവര് സ്ഥിരം പറയാറ്. മാഷും അവരും തമ്മിൽ വല്യ ചർച്ചയായിരുന്നു. ഇല്ലാതായിക്കൊണ്ടിരിക്കുന്ന പ്രകൃതിവിഭവങ്ങൾ – കരിങ്കല്ലും മണലുമൊക്കെ ഉപയോഗിച്ച് ആവശ്യമില്ലാതെ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനെതിരെ നിയമം കൊണ്ടുവരണമെന്നാ അവരുടെ അഭിപ്രായം. അതേ സമയം, വീടില്ലാത്ത പാവങ്ങൾക്ക് അന്തസ്സായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയും അവര് ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നു.'

പുതിയ ചില കാര്യങ്ങൾ കേട്ടപ്പോൾ വലിയ വീടിന്റെ കണ്ണുകളിൽ പ്രകാശം പരന്നു. അത് ചെറിയവീടിന്റെ നേരെ പുഞ്ചിരിച്ചു.

"ഒക്ടോബർ മാസത്തിലെ ആദ്യത്തെ തിങ്കളാഴ്ച ലോക പാർപ്പിട ദിനമാണുപോലും. അതായത് ഈ വർഷം ഒക്ടോബർ അഞ്ചാം തിയ്യതി. അന്ന് ഒരു വെബിനാറിൽ അവതരിപ്പിക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു അവരെന്നാണ് എനിക്ക് മനസ്സിലായത്. അപ്പം, ആളുകള് ഇതൊക്കെ മനസ്സിലാക്കി ധൂർത്തും ആഡംബരവുമൊക്കെ ഒഴിവാക്കി പ്രകൃതിക്കിണങ്ങിയ പാർപ്പിടങ്ങളിൽ താമസിക്കുന്ന കാലത്തെ നമുക്ക് സ്വപ്നം കാണാം. നീ വിഷമിക്കാതിരി.' ചെറിയ വീട് വലിയ വീടിന്റെ കൈകളിൽ പതിയെ തലോടി.

**യുറീക്കാമാമൻ**



# ഗാന്ധിജിയുടെ സമരങ്ങൾ


ഒന്നര നൂറ്റാണ്ടിന് മുമ്പാണ് ഗാന്ധിജി ജനിച്ചത്. ഗാന്ധിജി രൂപപ്പെടുത്തിയ ആശയങ്ങൾ മിക്കതിനും ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ഗാന്ധിജിയുടെ ആശയങ്ങൾ ഇന്നത്തെ കാലത്തിന് ചേർന്നതല്ല എന്ന് വിചാരിക്കാമോ? ഗാന്ധിജിയുടെ ആശയങ്ങളിൽ എന്നെന്നും പ്രസക്തമായത് എന്ന് കരുതാവുന്നവ ഏതൊക്കെയാണ്? ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുൻ സംസ്ഥാന പ്രസിഡന്റും സാമ്പത്തിക ശാസ്ത്ര അധ്യാപകനുമായ പ്രൊഫ. ടിപി. കുഞ്ഞിക്കണ്ണനുമായുള്ള അഭിമുഖം. കണ്ണൂർ ജില്ലയിലെ പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ പത്താം തരം വിദ്യാർഥിനി ആയ ബി.ശ്രീലക്ഷ്മിയാണ് കുഞ്ഞിക്കണ്ണൻ മാഷോട് സംസാരിക്കുന്നത്.

ശ്രീലക്ഷ്മി കണ്ണൂർ മാവിലായിയിലെ വീട്ടിൽ ഇരുന്നും കുഞ്ഞിക്കണ്ണൻ മാഷ് കോഴിക്കോട് നടുവണ്ണൂരിലെ വീട്ടിൽ ഇരുന്നുകൊണ്ടും ഓൺലൈനിൽ നടത്തിയതാണ് ഈ അഭിമുഖം.

**ശ്രീലക്ഷ്മി:** നമസ്കാരം. ഞാൻ ശ്രീലക്ഷ്മി. പെരളശ്ശേരി എ.കെ.ജി.സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ പത്താംക്ലാസിൽ പഠിക്കുന്നു. ഈ ഒക്ടോബർ 2 ഗാന്ധിജിയുടെ 151 ാം ജന്മദിനമാണല്ലോ. ഗാന്ധിയുടെ ജീവിതത്തിലേക്ക് എത്തിനോട്ടം നടത്തുന്നതിന് യുറീക്കാ വായനക്കാരെ സഹായിക്കുന്നതിനായുള്ള ഒരു അഭിമുഖമാണ് ആഗ്രഹിക്കുന്നത്. ഐക്യരാഷ്ട്ര സംഘടന ഗാന്ധിജിയുടെ ജന്മദിനം അഹിംസാദിനമായിട്ടാണല്ലോ ആചരിച്ചു വരുന്നത്. സത്യം, അഹിംസ എന്നിവ ഗാന്ധിജിയുടെ പ്രധാന ആശയങ്ങളാണല്ലോ. അവയുടെ സമകാലിക പ്രസക്തി എന്താണ്?

**ടി.പി.കുഞ്ഞിക്കണ്ണൻ:** ഇന്നത്തെ കാലഘട്ടത്തിൽ ഗാന്ധിയൻ ആദർശങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. അതിൽ സംശയമില്ല. ഏതൊക്കെ ആശയങ്ങൾ ഏറ്റവും കൂടുതൽ പ്രസക്തമാണ്, ഗാന്ധി ജീവിച്ചിരുന്ന കാലത്ത് അനുവർത്തിച്ചിരുന്ന ആശയങ്ങളിൽ ഏതെല്ലാം ഇന്ന് പ്രസക്തമാണ് എന്നതിനെപ്പറ്റി വിശദമായി പരിശോധിക്കേണ്ടതാണ്. സ്വാശ്രയത്വം, ജനാധിപത്യം, മതേതരത്വം പോലുള്ള ആശയങ്ങൾ വളരെയേറെ പ്രസക്തമാണ്. ഓരോ ആശയത്തിന്റെയും പ്രസക്തി അത് രൂപപ്പെട്ടുവന്ന സാഹചര്യത്തിൽ മാത്രമല്ല, അത് പ്രായോഗികമാകുന്ന സാഹചര്യത്തിലും പരിശോധിക്കേണ്ടതാണ്. ഗാന്ധിജിയുടെ പല ആശയങ്ങളും രൂപപ്പെട്ടുവന്ന അതേ രാഷ്ട്രീയ സാമൂഹ്യ സാഹചര്യമല്ല ഇന്ന് നിലനിൽക്കുന്നത്. ഏതാണ്ട് ഒരു നൂറ്റാണ്ടിൽ അധികം കാലത്തിന്റെ വ്യത്യാസം അതിന് വന്നിട്ടുണ്ട്. ചില ആശയങ്ങൾ അത്ര പ്രസക്തമാകണമെന്നില്ല. കാരണം, കാലം അത്രയേറെ മാറിക്കഴിഞ്ഞു. മാറുന്ന കാലത്തിനനുസരിച്ച് ഇത്തരം ആശയങ്ങളുടെ പ്രയോഗത്തിലും മാറ്റം വരുത്തിക്കൊണ്ടിരിക്കണം. ഗാന്ധി ആയാലും നെഹ്റു ആയാലും കാൾമാർക്സ് ആയാലും അവരുടെ കാലഘട്ടത്തിൽ ഒരു ആശയം രൂപപ്പെടുത്തിയത് അവരുടെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ്. അവർ ജീവിച്ച






സമൂഹവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. നമ്മൾ ആ സാഹചര്യത്തിൽ നിൽക്കുന്നില്ല. സമൂഹത്തിന് ഒരു നൂറ്റാണ്ടിന്റേതായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ ആശയങ്ങളെ കാലികപ്രസക്തമാക്കി മാറ്റാൻ നാം ശ്രമിക്കണം. അതാണ് നമ്മുടെ കടമ. നമ്മൾ ശ്രമിച്ചാലും ചിലപ്പോൾ അതിന് സാധിച്ചെന്ന് വരില്ല. ചില ആശയങ്ങൾ ആ കാലഘട്ടത്തിൽ തന്നെ ദുർബലപ്പെട്ടിട്ടുണ്ടാകും. ചില ആശയങ്ങൾ ഏതു കാലത്തും നിലനിൽക്കുന്നവയാണ്. കാരണം, അതിനു പകരം വെക്കാവുന്ന ആശയം നാം ഇതുവരെ കണ്ടെത്തിയിട്ടില്ല. അതിനേക്കാൾ മെച്ചപ്പെട്ട ഒന്ന് വരുമ്പോൾ അത് പ്രസക്തമല്ലാതായിത്തീരും. ചിലത് അതിനേക്കാൾ മെച്ചപ്പെട്ട രൂപത്തിലേക്ക് മാറിയിട്ടുണ്ടാകും.


**ശ്രീലക്ഷ്മി:** ഗാന്ധിജിയുടെ വളരെ പ്രധാനപ്പെട്ട ആശയമായിരുന്നല്ലോ ഹിന്ദ് സ്വരാജും ഗ്രാമസ്വരാജും. അതേപ്പറ്റി ഒന്ന് വിശദീകരിക്കാമോ?

**ടി.പി.കുഞ്ഞിക്കണ്ണൻ:** ഗാന്ധിജി 1909 ൽ എഴുതിയ ഏറ്റവും ശ്രദ്ധേയമായ പുസ്തകമാണ് ഹിന്ദ് സ്വരാജ്. ആ പുസ്തകം ഇറങ്ങിയിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞു. ലണ്ടനിൽ നിന്ന് ദക്ഷിണാഫ്രിക്കയിലേക്ക് യാത്ര ചെയ്യുമ്പോൾ കപ്പലിൽ വെച്ച് എഴുതിയ പുസ്തകമാണ്. അന്ന് ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരത്തിലൊന്നും ഗാന്ധിജി പങ്കാളി ആയിട്ടില്ല. എങ്കിലും താൻ ജനിച്ച വളർന്ന ഇന്ത്യയുടെ ഭാവി എങ്ങനെ ആയിരിക്കണം എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടാണ് ആ പുസ്തകത്തിലൂടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. ആ പുസ്തകത്തിനകത്തുള്ള ഒരു പ്രധാന ആശയമാണ് ഗ്രാമസ്വരാജ് എന്ന് പറയുന്നത്. ഭാവി ഇന്ത്യ എന്തായിരിക്കണം എന്നുള്ള അദ്ദേഹത്തിന്റെ ആശയമാണ് ഗ്രാമസ്വരാജ് എന്ന ആശയത്തിലൂടെ വിവരിക്കുന്നത്. അതിന്റെ കൂടെ പല കാര്യങ്ങളുമുണ്ട്. കൃഷിയുമായും ചെറുകിട വ്യവസായവുമായും ബന്ധപ്പെട്ട കാര്യങ്ങളുണ്ട്. സർവോദയ, ട്രസ്റ്റിഷിപ്പ് പോലുള്ള ആശയങ്ങളുണ്ട്. ഓരോ ഗ്രാമവും സ്വയം സമ്പൂർണമാകണം എന്നതാണ് ഗാന്ധിജിയുടെ ആശയം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ആശയം ഇന്ന് എത്രമാത്രം പ്രസക്തമാണ് എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഒരു ഗ്രാമത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും അവിടെത്തന്നെ ഉണ്ടാക്കാൻ കഴിയണമെന്നില്ല. ചില വസ്തുക്കൾ ഉണ്ടാക്കാൻ അനുകൂലമായ സാഹചര്യം നമുക്ക് ഉണ്ടാകും. എന്നാൽ ഒരു ഗ്രാമത്തിനാവശ്യമായ എല്ലാ കാര്യങ്ങളും അവിടെത്തന്നെ ഉണ്ടാക്കാൻ കഴിയണമെന്നില്ല. പല കാര്യങ്ങളിലും നമുക്ക് മറ്റ ഗ്രാമങ്ങളെ മാത്രമല്ല മറ്റ രാജ്യങ്ങളെയും ആശ്രയിക്കേണ്ടി വരും. പല മരുന്നുകളും ഉപകരണങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാക്കാൻ കഴിയണമെന്നില്ല. നമുക്ക് നിർമിക്കാൻ അനുകൂലമായ സാഹചര്യമുള്ള വസ്തുക്കൾ നാം കൂടുതലായി ഉണ്ടാക്കി മറ്റുള്ള ആളുകൾക്ക് വിൽക്കുകയോ കൊടുക്കുകയോ ചെയ്യും. അവർ കൂടുതലായി ഉണ്ടാക്കുന്ന സാധനങ്ങൾ നമ്മൾ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യേണ്ടി വരും. ആ തരത്തിലുള്ള ഒരു പരസ്പര ബന്ധം ആവശ്യമായി വരും. പൂർണമായും നമുക്ക് ഗ്രാമസ്വരാജിലേക്ക് മടങ്ങാനാവില്ല. അതേ സമയം, ഇന്നത്തെ അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ, പ്രത്യേകിച്ച് ഈ കൊറോണ കാലത്ത്, നമുക്ക് തദ്ദേശീയമായി ഉൽപ്പാദിപ്പിക്കാൻ പറ്റാവുന്ന സാധനങ്ങൾ നമ്മൾ ഉണ്ടാക്കുക തന്നെ വേണം. നേരത്തെ പറഞ്ഞതുപോലെ, ഓരോ ആശയത്തെയും നമ്മൾ കാലഘട്ടത്തിന് അനുസരിച്ച രൂപത്തിലേക്ക് വികസിപ്പിച്ചെടുക്കണം. ഓരോ ഗ്രാമവും അതിന്റേതായ പ്രകൃതി വിഭവങ്ങൾ, മനുഷ്യാധ്വാനം, അവിടെ സ്വരൂപിക്കാൻ കഴിയുന്ന പണം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് കഴായാവുന്നത്ര വസ്തുക്കൾ അവിടെത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതായിട്ടുണ്ട്. എല്ലാം അങ്ങനെ സാധിച്ചെന്ന് വരില്ല. അങ്ങനെ വരുമ്പോൾ ചില സാധനങ്ങൾ നാം പുറമെനിന്ന് വാങ്ങേണ്ടി വരും.

**ശ്രീലക്ഷ്മി:** മതേതരത്വം എന്നത് ഇന്ത്യയുടെ ആണിക്കല്ലാണെന്ന്









നമുക്കറിയാം. ഇന്ത്യയിൽ ഇന്ന് മതേതരത്വം എങ്ങനെയാണ് നിലനിൽക്കുന്നത് ?


**ടി.പി.കുഞ്ഞിക്കണ്ണൻ:** ഇന്ത്യ ഒരു മതേതര രാജ്യമായിട്ടാണ് വളർന്നു വന്നതും വളരേണ്ടതും. പല തരത്തിലുള്ള വൈവിധ്യമുള്ള രാജ്യമാണ് ഇന്ത്യ. നമുക്ക് 28 സംസ്ഥാനങ്ങളുണ്ട്. എട്ട് കേന്ദ്ര ഭരണപ്രദേശങ്ങളുണ്ട്. കേരളത്തിന്റെ ചുറ്റുപാടാണ് നമുക്ക് കൂടുതലായി അറിയുക. കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേക്ക് പോകുമ്പോൾ ഇവിടുത്തെ ജീവിതച്ചുറ്റുപാടല്ല, അവിടെ ഉള്ളതെന്ന് കാണാം. ആന്ധ്ര, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ ഈ സംസ്ഥാനങ്ങളിലൊക്കെയുള്ള ആഘോഷങ്ങൾ, ആചാരങ്ങൾ, ഭക്ഷണരീതികൾ, വസ്ത്രരീതികൾ, സംസാരിക്കുന്ന ഭാഷ, അവിടെ നിന്നെല്ലാം കുഴിച്ചെടുക്കാവുന്ന വിഭവങ്ങൾ ഇതിലൊക്കെ വ്യത്യാസമുണ്ട്. ഇതെല്ലാം നമുക്ക് ആവശ്യമുണ്ട്.

മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിലുള്ള വികസനം എത്തിയിട്ടില്ല. എന്നാൽ നമുക്ക വേണ്ടിവരുന്ന ഇരുമ്പയിര്, കൽക്കരി, മാംഗനീസ് എന്നിവ അവിടെ നിന്നാണ് ലഭിക്കുന്നത്. നമ്മുടെ ആഘോഷങ്ങൾ, ആചാരങ്ങൾ, ജാതി, മതം ഒക്കെ വ്യത്യാസമുണ്ട്. ഭാഷയിൽ വ്യത്യാസമുണ്ട്. വൈവിധ്യം അതേ രൂപത്തിൽ നിലനിർത്തി ശക്തിപ്പെടുത്തുകയാണ് വേണ്ടത്. പത്താളുകൾ സംസാരിക്കുന്ന ഭാഷയാണുള്ളതെങ്കിൽ അതിനെ നാം സംരക്ഷിക്കണം. അങ്ങനെ സംരക്ഷിച്ചില്ലെങ്കിൽ അതൊരു സംസ്കാരത്തിന്റെ തന്നെ തകർച്ചയായി മാറും. ഏതു തരത്തിലുള്ള ചെറിയ വൈവിധ്യത്തെയും നിലനിർത്തണം. വിവിധങ്ങളായ ജാതി മതങ്ങൾ നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യ. ഓരോ മതക്കാർക്കും അവരുടേതായ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ട്. നമ്മുടെ ഭരണഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത നമുക്ക് വ്യക്തിപരമായി ഏത് മതത്തിലും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന അനുവദിക്കുന്നുണ്ട് എന്നതാണ്. എന്നാൽ നിങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്ത് നിങ്ങളുടെ ജാതി, മതം എന്നിവ പ്രദർശിപ്പിക്കാൻ പാടില്ല. ക്ലാസ് മുറിയിൽ കുട്ടികൾ തങ്ങളുടെ ജാതിയും മതവും പ്രകടിപ്പിക്കാൻ പാടില്ല. ഭരണഘടന ഒരു വ്യക്തിക്ക് ഒരു മതത്തിൽ വിശ്വസിക്കാൻ അവകാശം നൽകുന്നുണ്ട്. പക്ഷേ, ഒരിക്കലും അയാൾ ഒരു ജോലി ചെയ്യുമ്പോൾ– അധ്യാപകനാവട്ടെ, ഡോക്ടർ ആവട്ടെ, കർഷകത്തൊഴിലാളി ആവട്ടെ– ജോലി ചെയ്യുന്ന സ്ഥലത്തേക്ക് അയാളുടെ ജാതിയെയും മതത്തെയും വലിച്ചു കൊണ്ടു വരാൻ പാടില്ല.

സെക്കുലർ എന്ന വാക്കിന്റെ അർത്ഥം 'ലോകൈകം' എന്നാണ്. മതേതരത്വം എന്നൊന്നുമല്ല. ലോകൈകം എന്നാൽ ലോകത്തിലുള്ള എല്ലാവരെയും സഹോദരീസഹോദരൻമാരായി കാണലാണ്. സെക്യുലറിസത്തെ നമ്മുടെ ഭരണഘടനയുടെ ഭാഗമായി മാറ്റിയത് 'വ്യക്തിപരമായി ഓരോരുത്തർക്കും അവരവരുടെ മതത്തിൽ വിശ്വസിക്കാനുള്ള അവകാശം നിലനിൽക്കുമ്പോൾ തന്നെ, പൊതുവേദിയിൽ അവർ ആ മതത്തെ ഉപയോഗിക്കാൻ പാടില്ല എന്ന നിലയ്ക്കാണ്.


**ശ്രീലക്ഷ്മി:** താഴ്ന്ന ജാതിയിൽപെട്ട ആളുകളെ ഗാന്ധിജി 'ഹരിജനങ്ങൾ', ദൈവത്തിന്റെ ആളുകളായാണ് കണ്ടത്. സ്വാതന്ത്ര്യം കിട്ടി എഴുപതിലേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും ജാതിവ്യവസ്ഥ അതുപോലെ നിലനിൽക്കാൻ കാരണമെന്താണ്?

**ടി.പി.കുഞ്ഞിക്കണ്ണൻ:** ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിൽ മാത്രമല്ല, നമ്മുടെ സംസ്ഥാനത്തും ജാതിചിന്ത നിലനിൽക്കുന്നുണ്ട്. പത്രത്തിൽ വരുന്ന വിവാഹ പരസ്യങ്ങളൊക്കെ നോക്കിയാൽ അത് കാണാൻ കഴിയും. തങ്ങളുടെ ജാതിസ്വഭാവം ഉപേക്ഷിക്കാത്തവരാണ് ഇന്ത്യയിലെ ബഹുഭൂരിപക്ഷം ആളുകളും. വിദ്യാസമ്പന്നരാണ് കേരളീയർ എന്ന്










കരുതി ജാതിചിന്ത ഇല്ലാത്തവരാണ് എന്നൊന്നും കരുതിക്കൂടാ. ഇന്ത്യയുടെ ഒരു ശാപമാണ് ജാതി. ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ അടിച്ചമർത്തുന്നതിന് വേണ്ടിയാണ് ഏതു കാലത്തും ഇതിനെ ഉപയോഗിച്ചിട്ടുള്ളത്. അത് പ്രവൃത്തിയുടെ കാര്യത്തിലായാലും സമൂഹത്തിലെ പ്രതാപത്തിന്റെ കാര്യത്തിലായാലും മെച്ചപ്പെട്ട ജോലി സംഘടിപ്പിച്ചെടുക്കുന്നതിനും ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ ചൂഷണം ചെയ്യുന്നതിനും ജാതിയെ ഒരു ഉപാധിയായി ഉപയോഗിച്ചിട്ടുണ്ട്. അത് ഒരു വലിയ പരിധി വരെ ഇന്നും തുടരുന്നുണ്ട്.

ഇത്രയും വിദ്യാഭ്യാസമൊക്കെ നേടിയിട്ടും നമുക്ക് അത് തകർക്കാനായിട്ടില്ല. ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടുള്ള ഒരു അവബോധം നമുക്ക് ജാതിയെക്കുറിച്ച് ഉണ്ടാക്കേണ്ടതുണ്ട്. അതിനെതിരായുള്ള സമരങ്ങൾ നാം ശക്തിപ്പെടുത്തേണ്ടതുണ്ട്.






**ശ്രീലക്ഷ്മി:** ഗാന്ധിജി രൂപപ്പെടുത്തിയ സത്യഗ്രഹസമരം ഇന്ന് പ്രായോഗികമാണോ?


**ടി.പി.കുഞ്ഞിക്കണ്ണൻ:** ഇന്നും ആ സമരത്തിന് പ്രസക്തിയുണ്ട്. ഗാന്ധിജി രണ്ടു മൂന്ന് പരീക്ഷണങ്ങൾ ദക്ഷിണാഫ്രിക്കയിൽ വെച്ച് നടത്തിയിട്ടുണ്ട്. 1893 മുതൽ 1915 വരെ ഏതാണ്ട് 20– 22 വർഷമാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ഉണ്ടായിരുന്നത്. ദക്ഷിണാഫ്രിക്കയിലെ കറുത്ത വർഗക്കാരുടെ, പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നും മറ്റും കുടിയേറിപ്പാർത്തവരുടെ മോചനത്തിന് വേണ്ടിയുള്ള സമരത്തിലാണ് ഗാന്ധിജി ഇടപെട്ടിരുന്നത്. സമരത്തിൽ മാനസികമായ ഒരു ഐക്യം രൂപപ്പെടുത്തുക എന്ന തന്ത്രമാണ് ഗാന്ധിജി സ്വീകരിച്ചത്.

അവിടെ ഫിനിക്സ് സെറ്റിൽമെന്റ്, ടോൾസ്റ്റോയ് ഫാം എന്നിങ്ങനെ രണ്ടു പരീക്ഷണങ്ങൾ കൂടി ഗാന്ധിജി നടത്തിയിരുന്നു. സെറ്റിൽമെന്റ്, ഫാം എന്നൊക്കെ പറയുന്നത് ആളുകൾ കൂട്ടംകൂട്ടമായി താമസിക്കുന്നതിനെയാണ്. പ്രശസ്ത സാഹിത്യകാരനായ ടോൾസ്റ്റോയിയുടെ സാമൂഹ്യമായ ആശയങ്ങൾ ഉൾക്കൊണ്ട് ചില കാര്യങ്ങൾ നടപ്പാക്കാനാണ് അദ്ദേഹത്തിന്റെ പേരിൽ ഫാം തുടങ്ങിയത്. ഈ പരീക്ഷണം ഒരിടത്ത് തന്നെ ആളുകൾ താമസിച്ച്, അവിടെത്തന്നെ ജോലി ചെയ്ത്, അവിടെത്തന്നെ ഉപജീവനം കഴിച്ച്, പരസ്പരബന്ധവും മാനസികമായ ഐക്യവും ശക്തിപ്പെടുത്താൻ വേണ്ടി നടത്തിയിട്ടുള്ളതാണ്. ഈ പരീക്ഷണത്തിൽ നിന്നാണ് ഗാന്ധിജി സത്യഗ്രഹം എന്ന ആശയത്തിലേക്ക് വരുന്നത്.



ജാലിയൻ വാലാബാഗ് സംഭവം കഴിഞ്ഞ ഉടനെ ഗാന്ധിജി ആഹ്വാനം ചെയ്തത് എല്ലാവരും അവരവരുടെ വീട്ടിൽ നിരാഹാരം കിടക്കാനാണ്. അവരവരുടെ വീട്ടിൽ നിരാഹാരം കിടക്കുന്നതിൽ ആർക്കും അത്ര ബുദ്ധിമുട്ട് തോന്നില്ല. ഇതിലൂടെ വലിയൊരു മാനസിക ഐക്യമുണ്ടാക്കി. ഇന്നും ആ സമരത്തിന് വളരെ പ്രസക്തിയുണ്ട്.

ബ്രിട്ടീഷുകാർക്ക് അറിയുന്ന ഒരു സംഗതി അടിച്ചൊതുക്കുക എന്നതാണ്. കുറേയേറെ യുവാക്കളെ ബ്രിട്ടീഷുകാരോട് ഏറ്റുമുട്ടാനാണ് അയച്ചിരുന്നതെങ്കിൽ അവർ നമ്മളെ അടിച്ചൊതുക്കുമായിരുന്നു. നിരാഹാരവും സത്യഗ്രഹവും അവർക്ക് പരിചയമുണ്ടായിരുന്നില്ല. അവർക്ക് തീരെ പരിചയമില്ലാത്ത ഒരു സമരമാണ് ഗാന്ധിജി ഉപയോഗിച്ചത്. അതിനെ നേരിടുക എന്നത് ബ്രിട്ടീഷുകാർക്ക് വളരെ ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. ഒരു പ്രശ്നത്തിനെതിരെ പ്രത്യേക രീതിയിലുള്ള മാനസിക ഐക്യം രൂപപ്പെടുത്തി എടുക്കുന്നതിൽ ഈ സമരതന്ത്രം വളരെ പ്രധാനപ്പെട്ടതാണ്.



**ശ്രീലക്ഷ്മി:** പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് നല്ല ധാരണയുള്ള ആളായിരുന്നു ഗാന്ധിജി. അദ്ദേഹം പറഞ്ഞത് പ്രകൃതിയിൽ നമ്മുടെ ആഗ്രഹത്തിന് വേണ്ടിയുള്ളതെല്ലാമുണ്ട്, എന്നാൽ അത്യാഗ്രഹത്തിന് വേണ്ടിയുള്ളത് യാതൊന്നും ഇല്ല എന്നായിരുന്നു. ഇന്ത്യയുടെയും കേരളത്തിന്റെയും ഇന്നത്തെ അവസ്ഥയിൽ ഇതേപ്പറ്റി എന്താണ് പറയാനുള്ളത്?


**ടി.പി.കുഞ്ഞിക്കണ്ണൻ:** ഗാന്ധിജിക്ക് ഒരു പ്രത്യേക സാമ്പത്തിക ശാസ്ത്രമൊന്നും ഉണ്ടായിരുന്നില്ല. ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രം എന്നൊക്കെ പറയാറുണ്ടെങ്കിലും അത് സംബന്ധമായ പുസ്തകങ്ങളൊന്നും ഗാന്ധിജി എഴുതിയിട്ടില്ല. ഗാന്ധിജി എപ്പോഴും പറഞ്ഞിട്ടുള്ളത് ആവശ്യങ്ങൾക്ക് ഒരു പരിധി ഏർപ്പെടുത്തുക എന്നാണ്. ഇത് പറയുമ്പോൾ പാവപ്പെട്ടവർ നല്ല ഭക്ഷണം കഴിക്കേണ്ട എന്നോ, അവർ സൈക്കിൾ വാങ്ങേണ്ട എന്നോ അല്ല ഉദ്ദേശിക്കുന്നത്. അവിടെയാണ് ഗാന്ധിജി അനുയോജ്യമായ സാങ്കേതികവിദ്യ എന്ന ആശയം കൊണ്ടുവരുന്നത്. ഏതൊരു സമൂഹത്തിനും അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിക്കേണ്ടി വരും. അതിന് വിഭവങ്ങൾ ആവശ്യമായി വരും. വിഭവങ്ങളുടെ ഉപയോഗത്തിൽ, ഉള്ളവൻ വീണ്ടും വീണ്ടും എടുക്കുക എന്നുള്ളതല്ല, ഇല്ലാത്തവനു കൂടി അത് വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാവണം. അവിടെയാണ് ആർത്തിയും ആവശ്യവും തമ്മിലുള്ള വ്യത്യാസം ഗാന്ധിജി വിശദീകരിക്കാൻ ശ്രമിക്കുന്നത്. ഗ്രീഡ്(greed) എന്ന വാക്കും നീഡ് (need) എന്ന വാക്കുമാണ് ഇത് വിശദീകരിക്കാൻ ഗാന്ധിജി ഉപയോഗിച്ചത്. ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ ഉണ്ട്, എന്നാൽ ഒരാളുടെ പോലും ആർത്തി നിറവേറ്റാനുള്ള വിഭവം നമ്മുടെ നാട്ടിൽ ഇല്ല എന്നാണ് ഗാന്ധിജി പറഞ്ഞത്.


എങ്ങനെയാണ് അതിന്റെ ഫലം കാണേണ്ടത്? നമ്മുടെ നാട്ടിൽ ഒരു സാമ്പത്തിക നടപടി, അല്ലെങ്കിൽ ഒരു വികസനപ്രവർത്തനം നടത്തുകയാണെങ്കിൽ അത് ശരിയായിരുന്നോ തെറ്റായിരുന്നോ എന്ന് മനസ്സിലാകണമെങ്കിൽ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന ഒരാളുടെ മുഖത്ത് അതെങ്ങനെയാണ് പ്രതിഫലിച്ചത് എന്ന് നോക്കിയാൽ മതിയെന്നാണ് ഗാന്ധിജി പറഞ്ഞത്.


ഗാന്ധിജി സാങ്കേതികവിദ്യയ്ക്ക് പാടേ എതിരായിരുന്നില്ല. എന്നാൽ വൻകിട വ്യവസായങ്ങൾക്ക് എതിരായിരുന്നു. ഗാന്ധിജി പറഞ്ഞത് ഏറ്റവും ഉചിതമായ സാങ്കേതികവിദ്യ ഉപയോഗിക്കുക എന്നാണ്. ഇത് ബുദ്ധന്റെ ഒരു സിദ്ധാന്തമാണ്. ബുദ്ധനിൽ നിന്നാണ് ഗാന്ധിജി ഈ ആശയം സ്വീകരിച്ചത്. ഗാന്ധിജിയിൽ നിന്നും ബുദ്ധനിൽ നിന്നും ഈ ആശയം സ്വീകരിച്ചു കൊണ്ടാണ് small is beautiful എന്ന പുസ്തകമൊക്കെ എഴുതിയിട്ടുള്ളത്. ഈ ആശയത്തിന് ഇന്നും പ്രസക്തിയുണ്ട്. വിഭവങ്ങൾ പരിമിതമാണ്. അതിന്റെ ഉപയോഗത്തിനുമേൽ സാമൂഹ്യമായ നിയന്ത്രണം ആവശ്യമാണ്. പാറ പൊട്ടിക്കുന്ന കാര്യമായാലും മണ്ണെടുക്കുന്ന കാര്യമായാലും മണലൂറ്റുന്ന കാര്യമായാലും നമുക്ക് ഇത് പറയേണ്ടി വരും. അതിന്റെ അർത്ഥം ദരിദ്രരായിട്ടുള്ള ആളുകൾ എപ്പോഴും ദരിദ്രരായി കിടക്കട്ടെ എന്നല്ല. ഏതൊരു സമൂഹത്തിനും ആ സമൂഹത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ സാങ്കേതികവിദ്യ ഉപയോഗിക്കാൻ സാധിക്കണം. അത് ഉള്ളവൻ തന്നെ പിന്നെയും പിന്നെയും ഉപയോഗിക്കുക എന്നുള്ളതല്ല. ദരിദ്രരായിട്ടുള്ള ആളുകൾക്കും അവരുടേതായ വിഹിതത്തിന് അർഹതയുണ്ട്. അത് കിട്ടിയിരിക്കണം എന്നാണ് ഗാന്ധിജി നിഷ്കർഷിച്ചിട്ടുള്ളത്.

ഗാന്ധിജി പറഞ്ഞ കാര്യങ്ങൾ അതുപോലെ തുടരുക എന്നല്ല, അതിൽ ആവശ്യമായതിനെ നാം വികസിപ്പിച്ചെടുക്കണം. അതാണ് കുട്ടതലായി വായിക്കാനും മറ്റും പ്രേരണയാവേണ്ടത്.

**ശ്രീലക്ഷ്മി:** നന്ദി മാഷേ..









(ചിത്രകാരനായ **സിഗ്നി ദേവരാജൻ** പേപ്പർ കപ്പുകളിൽ വരച്ച ഗാന്ധിയുടെ ചിത്രങ്ങളാണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്. ഗാന്ധിയുടെ ജീവിതത്തിൽ നിന്ന് 150 മുഹൂർത്തങ്ങളാണ് അദ്ദേഹം ഇങ്ങനെ വരച്ചിട്ടുള്ളത്.)

അഭിമുഖം കാണാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ...

# മിന്നലേ മിന്നലേ



രതീശൻ ചെക്കിക്കുളം

ചിത്രീകരണം: കെ.സതീഷ്




മിന്നലേ മിന്നലേ
വന്നിടല്ലേ
മിന്നാമിനുങ്ങുക-
ളുറങ്ങിടട്ടേ
പെരുമഴേ പെരുമഴേ
പെയ്യിടല്ലേ
കുഞ്ഞരിപ്പൂക്കൾ
വിരിഞ്ഞിടട്ടേ

കരകളെ താരാട്ടി
യുറക്കിയിട്ട്
പുഴയൊന്നുറങ്ങാൻ
കിടന്നിനത്രേ
ചില്ലകളിൽനി-
ന്നിറങ്ങി വന്ന
കരിയിലകൾ
കണ്ണൊന്നടച്ചിനത്രേ

ഇടി മുഴക്കത്തെ
പുറത്തു കേറ്റി
വാൽകുലപ്പിച്ച്
വരല്ലെ കാറ്റേ
കഞ്ഞിക്കു വേണ്ടി
കലമ്പൽ കൂട്ടി
പൊടികളിപ്പൊ
തല ചായ്ച്ചിനത്രേ

✷

# ക്വാറന്റൈൻ



വിലാസിനി ടി.വി.

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

നാലാം ക്ലാസിന്റെ മൂലയിലിരുന്ന് പുള്ളിക്കുട തേങ്ങിക്കരഞ്ഞു. ഇപ്പോൾ അഞ്ചു മാസം കഴിഞ്ഞു. മാർച്ച് പകുതി കഴിഞ്ഞപ്പോൾ മുതൽ ഇതേ ഇരിപ്പാണ്. ആലോചിച്ചപ്പോൾ പുള്ളിക്കുടയ്ക്ക് കരച്ചിൽ കൂടിക്കൂടി വന്നു.

'അന്ന് അനാമികയുടെ ബാഗിനു പുറത്തേക്ക് ചാടി ഇറങ്ങണ്ടായിരുന്നു.' അനാമികയ്ക്ക് അവളെയും അവൾക്ക് അനാമികയെയും പിരിഞ്ഞിരിക്കാൻ ആവില്ല.  മഴയില്ലാത്തപ്പോഴൊക്കെ, വെയിലിനെ കുറ്റം പറഞ്ഞുകൊണ്ട് അവളേയും ചേർത്തുപിടിച്ച് സ്കൂളിലേക്ക് വരാറുള്ളതാണ് അനാമിക.



'ഒരു ദിവസം അവളെ ഒന്നു പറ്റിക്കണം' എന്നുള്ള പുള്ളിക്കുടയുടെ കുസൃതിയാണ് ഇപ്പോൾ ഇങ്ങനെ ആക്കിത്തീർത്തത്. പുള്ളിക്കുട ഉണ്ടായത് മുഴുവൻ ഓർത്തെടുത്തു.

സ്കൂൾവിട്ട്  വീട്ടിലേക്കു പായുന്ന അനാമികയെ കണ്ടപ്പോൾ ഒരു പൊട്ടിച്ചിരി തൊണ്ടയിലോളം വന്നതാണ്. ചിരിച്ചുകൂടല്ലോ. ശ്വാസംപിടിച്ച് ബെഞ്ചിനടിയിൽ ഇരുന്നു.

മുറികളെല്ലാം പൂട്ടാനായി വന്ന രതീഷേട്ടനാണ് എടുത്ത് മൂലയിൽ ചാരിവച്ചത്.

രാവിലെ വരെ തന്നെ കാണാതെ അനാമിക വിഷമിക്കുമല്ലോ എന്നോർത്തപ്പോൾ സങ്കടം വന്നിരുന്നു. സ്കൂളിന്റെ ഗേറ്റും പൂട്ടി രതീഷേട്ടൻ പോയപ്പോൾ നെഞ്ച് പിടയ്ക്കാൻ തുടങ്ങി. പകലത്തെ ഒച്ചകളെല്ലാം അവസാനിച്ചിരിക്കുന്നു! മെല്ലെ മെല്ലെ ഇരുട്ട് കയറി വരുന്നു. മൂന്നാം ക്ലാസ്സിലെ വരാന്തയ്ക്കപ്പുറത്തുനിന്ന് ഒരു നായ കുരയ്ക്കാൻ തുടങ്ങി. ദൂരെ ഒരു കൂമന്റെ മൂളൽ... കയ്യും കാലും വിറയ്ക്കാൻ തുടങ്ങി. കണ്ണടച്ച് കിടന്നു. എന്തായാലും നാളെ രാവിലെ അനാമിക വരുമല്ലോ, ഇനി ഒരിക്കലും ഇങ്ങനെ ചെയ്യില്ല എന്ന് പറയണം എന്നൊക്കെ വിചാരിച്ച് നേരം പുലർത്തി.

പക്ഷേ, പിന്നീടിന്നേവരെ മുറിയുടെ വാതിൽ തുറന്നിട്ടേയില്ല! പുളളിക്കുടയ്ക്ക് കരച്ചിൽ വന്നു.


കുറെ നാളുകൾക്ക് മുമ്പാണ്, ഒരാൾ വരാന്തയിലൂടെ നടക്കുന്നത് തുറന്നുകിടന്ന ജനൽപ്പാളിയിലൂടെ പുള്ളിക്കുട കണ്ടു. ആദ്യം ആരാണെന്ന്

മനസ്സിലായില്ല. മുഖത്ത് എന്തോ വെച്ചുകെട്ടിയിരിക്കുന്നു. മിനുസമുള്ള മൊട്ടത്തലയും ആ കൈവീശി നടക്കലും കണ്ടപ്പോൾ മനസ്സിലായി, ഹെഡ്മാഷ്!

നാട്ടിലാകെ ഏതോ മഹാരോഗം പടർന്നിരിക്കുന്നുപോലും. ഒരു ദിവസം മുറ്റത്തുനിന്ന് ഹെഡ്മാഷും രതീഷേട്ടനും സംസാരിക്കുന്നത് കേട്ടതാണ്. അവരുടെ സംസാരം ഇടയ്ക്കൊക്കെ പിന്നെയും കേൾക്കാറുണ്ട്. മറ്റാരും ഇങ്ങോട്ട് വരാറില്ല.

രാത്രിയായാൽ എലികളും പാറ്റകളും മുറിയിലാകെ പാഞ്ഞു നടക്കുന്നുണ്ടാകും. ആദ്യമൊക്കെ വല്ലാത്ത പേടിയായിരുന്നു. ഇപ്പോൾ പേടി കുറഞ്ഞു.

‘എന്നാലും, അനാമികയെയും അവളുടെ കൂട്ടുകാരെയും കാണാതെ എത്രനാളായി?’ പുള്ളിക്കുട നെടുവീർപ്പിട്ടു.



ചുമരിലെ ബ്ലാക്ക് ബോർഡിൽ ഗ്രീഷ്മട്ടീച്ചർ എഴുതിവെച്ച ആരോഗ്യശീലങ്ങൾ എന്ന വാക്ക് മായാതെ കിടക്കുന്നുണ്ട്. അനാമിക വരച്ച ചിത്രത്തിലെ സൂര്യന്റെ ചുവപ്പുനിറം മങ്ങിയിട്ടില്ല. അവളിരിക്കുന്ന ഭാഗത്ത് ചുമരിലാണ് ആ ചിത്രം ഒട്ടിച്ചുവെച്ചിരിക്കുന്നത്. ക്ലാസിൽ ഏറ്റവും ഭംഗിയിൽ എഴുതുന്നത് നവതേജ് ആയിരുന്നു. അവനെഴുതിയ വീടിനെക്കുറിച്ചുള്ള കവിത ബോർഡിന്റെ ഇടതുവശത്ത് തന്നെയുണ്ട്. കവിത ചൊല്ലാൻ അവന് നാണമായിരുന്നു. ആമ്പൽ ആണ് ആ കവിത ചൊല്ലിയത്. ആമ്പൽ കവിത ചൊല്ലിത്തീർത്തപ്പോൾ എല്ലാവരും കയ്യടിച്ചു. കൂടെ താനും കയ്യടിച്ചത് പക്ഷേ, ആരും കണ്ടില്ല. അപ്പോൾ വല്ലാതെ പരിഭവം തോന്നിയിരുന്നു.

ഇപ്പോൾ കുറച്ച് ദിവസമായി നിർത്താതെ മഴ പെയ്യുന്നുണ്ട്. മുറിയിലോളം ചാറ്റൽ എത്താറുണ്ട്. ഭിത്തിയിലെ ചിത്രങ്ങളും ഭൂപടങ്ങളും നനഞ്ഞിട്ടുണ്ടാകും. കേരളത്തിലും ഇന്ത്യയിലും പൂപ്പലും പായലും പറ്റിപ്പിടിച്ചിരിക്കുമോ? പുള്ളിക്കുടയുടെ മനസ്സിൽ അപ്പോൾ ആധി പെരുത്തു: ‘എന്റെ മേലും പൂപ്പൽ മണം ഉണ്ടോ..? ’

പെട്ടെന്ന് പുറത്ത് ചില ശബ്ദങ്ങൾ. രണ്ടുമൂന്നു പേർ അകത്തേക്ക് വരുന്നു. താക്കോൽ കൂട്ടങ്ങളുടെ ശബ്ദം. 'രതീഷേട്ടൻ ആയിരിക്കും, എന്നെ ഓർമയുണ്ടാവും' എന്നൊക്കെ വിചാരിച്ചപ്പോൾ പുള്ളിക്കുടയ്ക്ക് തുള്ളിച്ചാടാൻ തോന്നി.

വാതിൽ തുറന്നു. അല്ല, രതീഷേട്ടനല്ല... മുഖംമൂടിയും കൈയുറകളുമണിഞ്ഞ മൂന്നുപേർ.

അവർ മുറിയാകെ നടന്നുനോക്കുകയാണ്.

‘പറ്റും, നമ്മുടെ പഞ്ചായത്തിന്റെ സെന്ററിന് ഇത് പറ്റും.’ ഒരാൾ പറയുന്നതു കേട്ടു.

അവർ ബെഞ്ചും ഡെസ്കും പുറത്തേക്ക് കൊണ്ടുപോയി. മാറാലകൾ തട്ടി വൃത്തിയാക്കി. ഒരാൾ അനാമിക വരച്ച ചിത്രവും നവതേജിന്റെ കവിതയും ചുമരിൽനിന്ന് അടർത്തിയെടുത്തു. അയാളുടെ കൈ നേരെ നീണ്ടുവരുന്നത് പുള്ളിക്കുട കണ്ടു. പിന്നെ, കവിതയ്ക്കും ചിത്രത്തിനും എലിക്കാഷ്ടത്തിനും പൊടിക്കുമൊപ്പം സ്കൂൾ ഗ്രൗണ്ടിന്റെ അങ്ങേയറ്റത്തുള്ള വേസ്റ്റ് കുഴിയിൽ ചെന്നു വീഴുന്നതും....

മണ്ണെണ്ണയും തീപ്പെട്ടിയുമായി ഒരാൾ വന്നു. തീ പിടിപ്പിക്കാൻ മണ്ണെണ്ണ ഒഴിക്കും മുമ്പ് അയാൾ ഒന്നു നിന്നു. അയാൾ കുനിഞ്ഞ് നോക്കുകയാണ്.

“അയ്യോ, ഇത് അനാമികയുടേതല്ലേ?” അനാമികയുടെ അച്ഛന്റെ ശബ്ദം പുള്ളിക്കുട തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ കയ്യിൽ തൂങ്ങി വേസ്റ്റ് കുഴിയിൽ നിന്ന് പുറത്തുവരുമ്പോൾ പുള്ളിക്കുടയുടെ ഹൃദയം സന്തോഷംകൊണ്ട് തുളുമ്പി. അനാമികയുടെ അരികിലെത്താൻ അവൾക്ക് തിടുക്കമായി.

# ലിസിപ്രിയ കൻഗുജം
# പോരാളിയായ കുട്ടുകാരി

**പ്രൊഫ. പി കെ രവീന്ദ്രൻ**



'കാലാവസ്ഥാ ഉച്ചകോടി' എന്നു എല്ലാവരും കേട്ടുകാണുമല്ലോ?

ലോകരാജ്യങ്ങളിലെ രാഷ്ട്രത്തലവൻമാരും കാലാവസ്ഥാ പ്രവർത്തകരും ഒത്തുചേരുന്ന വേദിയാണത്. ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നിവ കാരണം നമ്മുടെ ഭൂമിയും അതിലെ ജീവജാലങ്ങളുമെല്ലാം ഗുരുതരമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഇതിനെക്കുറിച്ച് ചർച്ച ചെയ്യാനും പരിഹാരങ്ങൾ നിർദേശിക്കാനും ഉടമ്പടികളുണ്ടാക്കി അത് പ്രാവർത്തികമാക്കാനും ഒക്കെയാണ് ഈ ലോകവേദി കൊണ്ടുദ്ദേശിക്കുന്നത്. 2019 ൽ 25 ാമത് കാലാവസ്ഥാ ഉച്ചകോടി നടന്നത് യൂറോപ്യൻ രാജ്യമായ സ്പെയിനിന്റെ തലസ്ഥാനത്താണ് – മാഡ്രിഡിൽ.

ഇത്തരം സമ്മേളനങ്ങളിൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ ലോകനേതാക്കളെ അഭിസംബോധന ചെയ്ത് സംസാരിക്കും. 2019 ലെ ഉച്ചകോടി ഇന്ത്യക്കാരിയായ ഒരു കൊച്ചു പെൺകുട്ടിയുടെ സംസാരം കൊണ്ട് ശ്രദ്ധേയമായി. ഒരു എട്ടു വയസുകാരി! ആ കുട്ടുകാരിയുടെ പേരാണ് ലിസി പ്രിയ കൻഗുജം (Licypriya Kangujam).




ചിത്രം കടപ്പാട്: Wikimedia Commons

നമ്മുടെ രാജ്യത്തിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലൊന്നായ മണിപ്പൂരിലെ ഇംഫാലിലാണ് ലിസിപ്രിയ ജനിച്ചത്. 2011 ഒക്ടോബർ 2 ന്. കെ.കെ.സിംഗിന്റെയും ബിദ്യാറാണിയുടെയും മകളാണ് ലിസി. ഇപ്പോൾ ഒഡിഷയിലെ ഭുവനേശ്വറിലാണ് താമസം. പ്രകൃതിദുരന്തങ്ങൾ കാണുമ്പോഴും അതിന്റെ കഷ്ടതകൾ

അറിയുമ്പോഴും മനംനൊന്ത് കരയുന്ന കുട്ടി.

2018 ജൂണിൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ മംഗോളിയയിൽ വച്ച് ദുരന്തങ്ങളുമായി ബന്ധപ്പെട്ട ഒരു സമ്മേളനം നടക്കുകയുണ്ടായി. ലിസിപ്രിയ തന്റെ അച്ഛനോടൊപ്പം ആ സമ്മേളനത്തിൽ പങ്കെടുത്തു. ഇതേത്തുടർന്ന് അവൾ കാലാവസ്ഥാ പ്രക്ഷോഭങ്ങളിൽ കൂടുതൽ സജീവമാകാൻ തുടങ്ങി. 2019 ൽ ഇന്ത്യൻ പാർലമെന്റിനു മുമ്പിൽ ഈ എട്ടുവയസുകാരി ഒരു ധർണ നടത്തി. അതു പക്ഷേ, ആരും ശ്രദ്ധിച്ചില്ല. ലിസി പ്രിയ തന്റെ പ്രക്ഷോഭം അങ്ങനെയങ്ങ് അവസാനിപ്പിക്കാൻ ഒരുക്കമല്ലായിരുന്നു. അവൾ ജൂലൈ 2 മുതൽ ഒരാഴ്ചക്കാലം പാർലമെന്റിനു മുമ്പിൽ നടത്തിയ സമരം മാധ്യമങ്ങളെല്ലാം ശ്രദ്ധിച്ചു.



അതോടെ 'ബച്ച്പൻ ആന്തോളൻ' (child movement) എന്നൊരു സംഘടനയ്ക്ക് അവൾ രൂപം നൽകി. ഒക്ടോബർ മാസം ആയിരക്കണക്കിനു കുട്ടികൾ പങ്കെടുത്ത 'ഗ്രേറ്റ് ഒക്ടോബർ മാർച്ചി'ന് നേതൃത്വം നൽകി. ഡൽഹിയിലെ ചരിത്രപ്രസിദ്ധമായ ഇന്ത്യാഗേറ്റിൽ നിന്നാണ് മാർച്ച് ആരംഭിച്ചത്. പ്രധാന ആവശ്യം ദുരന്തങ്ങൾക്കു കാരണമാകുന്ന ആഗോളതാപനം ഇല്ലാതാക്കാനുള്ള നടപടികൾ സർക്കാർ ഏറ്റെടുക്കണമെന്നായിരുന്നു.

ഈയൊരു പശ്ചാത്തലത്തിലാണ് ലിസിപ്രിയ 2019 ഡിസംബറിൽ മാഡ്രിഡിൽ നടന്ന കാലാവസ്ഥാ ഉച്ചകോടിയിലേക്ക് ക്ഷണിക്കപ്പെടുന്നത്. ലോകനേതാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് ലിസി പ്രസംഗിച്ചു. 'ആഗോളതാപനം നിയന്ത്രിക്കാൻ വേണ്ട നടപടികളെടുക്കാൻ ഇനിയും വൈകരുതെന്നായിരുന്നു' അവളുടെ അഭ്യർഥന. ലോകത്തിലെ എല്ലാ കുട്ടികൾക്കും വേണ്ടി ഒരു മെമ്മോറാണ്ടം ഐക്യരാഷ്ട്രസഭയ്ക്ക് സമർപ്പിച്ചു. ഏതു ദുരന്തത്തിലും ഏറെ ദുരിതത്തിലാവുക കുട്ടികളാണല്ലോ.

**ലിസിപ്രിയ കൻഗുജത്തിന്റെ പ്രധാന ആവശ്യം ദുരന്തങ്ങൾക്കു കാരണമാകുന്ന ആഗോളതാപനം ഇല്ലാതാക്കാനുള്ള നടപടികൾ സർക്കാർ ഏറ്റെടുക്കണമെന്നായിരുന്നു.**

ലോകപ്രശസ്തയായ കാലാവസ്ഥ പ്രവർത്തകയും നമ്മുടെയൊക്കെ കൂട്ടുകാരിയുമായ ഗ്രേറ്റ തുൻബർഗിനെ ലിസിപ്രിയ പരിചയപ്പെടുന്നത് മാഡ്രിഡിൽ വച്ചാണ്. അവർ വേഗം അടുത്ത സുഹൃത്തുക്കളായി മാറി.

പിന്നീട് നിരവധി രാജ്യാന്തര കാലാവസ്ഥാ സമ്മേളനങ്ങളിൽ ലിസിപ്രിയ പങ്കെടുത്തു. ഈ വർഷം വാഷിംഗ്ടണിൽ നടന്ന ഒട്ടേറെ ഭൗമദിനസമ്മേളനങ്ങളിൽ പ്രസംഗിച്ചു. 2020 ലെ ലോക സാമ്പത്തിക ഫോറം പ്രതിനിധികളെ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ അഭിസംബോധന ചെയ്തു. ലിസിയും ഗ്രേറ്റയും കൂട്ടുകാരും ചേർന്ന് ഒരു കത്ത് പൊതുസമൂഹത്തിനു മുമ്പിൽ പ്രസിദ്ധം ചെയ്തു. 'കമ്പനികളും ബാങ്കുകളും സർക്കാരുകളും ഫോസിൽ ഇന്ധനങ്ങൾക്കു നൽകി വരുന്ന സഹായധനം ഉടൻ നിർത്തലാക്കണമെന്നായിരുന്നു അവർ ആവശ്യപ്പെട്ടത്.'

പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട ഇരകളെ സഹായിക്കാൻ ലിസിപ്രിയ എന്നും മുൻപന്തിയിൽത്തന്നെയുണ്ട്. 2018 ൽ കേരളത്തിലുണ്ടായ പ്രളയത്തിൽപ്പെട്ടവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അവൾ ഒരു ലക്ഷം രൂപ സംഭാവന ചെയ്തു.

ഇത്രയും ചെറിയ പ്രായത്തിൽ ലിസിപ്രിയ കൻഗുജത്തെ തേടിയെത്തിയ പുരസ്കാരങ്ങൾ അനവധിയാണ്. എ.പി.ജെ.അബ്ദുൾകലാം ചിൽഡ്രൻ അവാർഡ് 2019, വേൾഡ് ചിൽഡ്രൻസ് പീസ് പ്രൈസ് 2019, എർത്ത് ഡേ നെറ്റ്‌വർക്കിന്റെ റൈസിംഗ്സ്റ്റാർ പുരസ്കാരം 2020, ഗ്ലോബൽ ചൈൽഡ് പ്രൊഡിജി അവാർഡ് –2020 എന്നിവ അവയിൽ ചിലതാണ്.

ലോകമാകെയുള്ള കാലാവസ്ഥ പ്രക്ഷോഭകർക്ക് പ്രചോദനമാണ് ലിസിപ്രിയ കൻഗുജം. ഇതിനകം ലോകപ്രശസ്തയായി മാറിയ ഈ കൊച്ചു കൂട്ടുകാരി നമ്മുടെ രാജ്യക്കാരിയാണെന്നതിൽ നമുക്ക് അഭിമാനിക്കാം. നിശ്ചയദാർഢ്യത്തോടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നമുക്കും കണ്ണിചേരാം.



# തന്മാത്രകൾ കൂടിച്ചേരുകയും വേർപിരിയുകയും ചെയ്യുന്നതെങ്ങനെ?

**പുനരാഖ്യാനം: ഡോ. സംഗീത ചേനംപുല്ലി**

ചിത്രീകരണം: കെ.സതീഷ്

തണുപ്പുകാലത്ത് നദികളിലെയും കുളങ്ങളിലേയും തടാകങ്ങളിലെയുമൊക്കെ വെള്ളം തണുത്ത് ഐസ് ആയതിന്റെ ചിത്രങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. ഖരരൂപത്തിലുള്ള വെള്ളമാണ് ഐസ്. തണുത്തുറഞ്ഞ പുഴയിലെ മുകൾത്തട്ടിൽ ഐസും, ഐസിനടിയിൽ വെള്ളവും ആയിരിക്കും. അന്തരീക്ഷത്തിലോ ജലബാഷ്പവുമുണ്ടാവും. എന്താണിതിൽ ഇത്ര അത്ഭുതം? അത്ഭുതമുണ്ടല്ലോ, കാരണം ഒരേ സമയം ഖരമായും, ദ്രാവകമായും വാതകമായും നിലനിൽക്കാൻ കഴിയുന്ന ഒരേയൊരു വസ്തുവേ ലോകത്തുള്ളൂ. അത് വെള്ളമാണ്.

യഥാർത്ഥത്തിൽ എന്താണ് വസ്തുക്കളുടെ ഈ മൂന്നവസ്ഥകൾ? ഇവ തമ്മിൽ ഉള്ള സാമ്യങ്ങളും വ്യത്യാസങ്ങളും എന്തൊക്കെയാണ്? ആദ്യം നമുക്ക് ഖരരൂപത്തിലുള്ള വസ്തുവിനെ നോക്കാം. എന്തിനെയെങ്കിലും പൊട്ടിക്കുകയോ തകർക്കുകയോ ചെയ്യണമെങ്കിൽ ബലം പ്രയോഗിക്കണം എന്ന് നിങ്ങൾക്കറിയാം. ചിലപ്പോൾ വളരെയധികം ബലം വേണ്ടി വരും. അപ്പോൾ നമുക്കാദ്യത്തെ നിഗമനത്തിൽ എത്താം. ഖര വസ്തുക്കളിൽ അടങ്ങിയ തന്മാത്രകൾ വളരെയധികം ശക്തിയോടെ കൂടിച്ചേർന്നിരിക്കുന്നു. അല്ലെങ്കിൽ അവയ്ക്ക് ഇത്രയും സ്ഥിരതയോടെ നിലനിൽക്കാൻ കഴിയുമായിരുന്നില്ല. അവ എപ്പോഴേ ചിതറിത്തെറിച്ച് പോയേനേ.

ഉരുക്കുകയോ, പൊട്ടിക്കുകയോ ചെയ്യാത്തിടത്തോളം ഖരരൂപത്തിലുള്ള ഒരു വസ്തു അതിന്റെ അപ്പോഴുള്ള ആകൃതി നിലനിർത്തുന്നു. അത് ഒരു പ്ലേറ്റ് ആയും പൈപ്പായും പന്തായും ഒക്കെത്തന്നെ നിലനിൽക്കുന്നു. അതായത് ഏത് ഖരവസ്തുവിനും സ്വന്തം ആകൃതി നിലനിർത്താൻ കഴിയും. ഇതിൽ നിന്ന് നമുക്ക് രണ്ടാമത്തെ നിഗമനത്തിലെത്താം. ഖരവസ്തുക്കളിൽ ഒരു പ്രത്യേക അടുക്കിവെക്കൽ രീതി അഥവാ ക്രമീകരണ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. ഓരോ തന്മാത്രയ്ക്കും അതിന്റെ പ്രത്യേക സ്ഥാനമുണ്ട്, പട്ടാളക്കാർ വരികളായി ക്രമത്തിൽ നിൽക്കുമ്പോലെയാണത്. അവർ അനങ്ങാത്തിടത്തോളം ആ ക്രമമുള്ള വ്യവസ്ഥ നിലനിൽക്കുന്നു.

അവസാനമായി നമുക്ക് ഖരവസ്തുക്കളുടെ ഒരു ഗുണം കൂടി കണ്ടെത്താനാവും. അവയെ അമർത്തിയൊതുക്കാൻ സാധ്യമല്ല (ചിലയിനം പോളിമറുകൾക്ക് ഇത് ബാധകമല്ല, കാരണം അവയ്ക്കുള്ളിൽ നിറയെ വായു അറകളുണ്ടാവും. അമർത്തുമ്പോൾ ഈ വായു അറകൾ ചുരുങ്ങിയൊതുങ്ങുകയാണ് ചെയ്യുക. അവിടെയും പോളിമറിന്റെ  ഖര തന്മാത്രകളെ അമർത്തിയൊതുക്കാൻ സാധ്യമല്ല). എന്താണ് ഇതിന്റെയർത്ഥം? ഒരു ഖര വസ്തുവിലെ തന്മാത്രകളെ അടുക്കിയൊതുക്കി പാക്ക് ചെയ്തു വെച്ചിരിക്കുന്നു. ഇനി ഒട്ടും ഇടയില്ലാത്ത തരത്തിൽ. ഒരു സൂര്യകാന്തി പൂവിലെ വിത്തുകൾ ക്രമീകരിച്ചിട്ടുള്ള പോലെ.

ഈ സൂര്യകാന്തി വിത്തുകൾ അടർത്തിയെടുത്ത് ഒരു പാത്രത്തിൽ ഇട്ടാലോ? ഇതുതന്നെയാണ് ഒരു ദ്രാവകത്തിലെ തന്മാത്രകളുടെ അവസ്ഥയും. ഇവിടെ അവയുടെ ക്രമീകരണം അത്ര തന്നെ അടുക്കും ചിട്ടയും ഉള്ളതല്ല. എങ്കിലും




കങ്ങളിലും അടുത്തടുത്ത തന്മാത്രകൾ തമ്മിൽ നല്ല ആകർഷണം ഉണ്ട്. അവ പരസ്പരം പറ്റിപ്പിടിച്ചിരിക്കുന്നു. അല്ലായിരുന്നെങ്കിൽ ദ്രാവകങ്ങളെ തുള്ളികൾക്ക് പകരം തന്മാത്രകൾ ആയി അടർത്തിയെടുക്കാൻ കഴിയുമായിരുന്നു.

ഖരങ്ങൾക്കും ദ്രാവകങ്ങൾക്കും പൊതുവായ ചില സ്വഭാവങ്ങൾ ഉണ്ടെന്ന് നമുക്കിപ്പോൾ മനസ്സിലായി. അവ രണ്ടിലേയും തന്മാത്രകൾ തിങ്ങിനിറഞ്ഞിരിക്കുന്നു. തന്മാത്രകൾ തമ്മിൽ വളരെ അടുത്തടുത്തിരിക്കുകയും പരസ്പരം പറ്റിപ്പിടിച്ച് നിൽക്കുകയും ചെയ്യുന്നു.

പക്ഷേ, രണ്ടും തമ്മിൽ പ്രധാനപ്പെട്ട ഒരു വ്യത്യാസവുമുണ്ട്. ഖരവസ്തുവിലേത് പോലെ അത്ര അടുക്കും ചിട്ടയോടെയല്ല ദ്രാവകത്തിലെ തന്മാത്രകൾ ക്രമീകരിച്ചിരിക്കുന്നത് എന്നതുകൊണ്ട് ദ്രാവകങ്ങൾക്ക് സ്വന്തം ആകൃതി നിലനിർത്താനാവില്ല. കുറച്ചുകൂടി ലളിതമായിപ്പറ ഞ്ഞാൽ, അവയ്ക്ക് ഒഴുകാൻ കഴിയും.

അവ തമ്മിൽ അത്രയധികമൊന്നും ഇടയില്ലാതെ അടുത്തടുത്താണിരിക്കുന്നത്. അതായത് ഒരു ദ്രാവകത്തെയും അമർത്തിയൊതുക്കാൻ എളുപ്പമല്ല. ഇത് മനസ്സിലാക്കാൻ ഒരെളുപ്പ വഴിയുണ്ട്. ഒരു സിറിഞ്ചിൽ വെള്ളം നിറച്ച് അതിന്റെ ഓട്ട അടച്ചു പിടിക്കുക. എന്നിട്ട് അതിന്റെ പിസ്റ്റൺ മുന്നോട്ട് തള്ളാൻ ശ്രമിച്ചു നോക്കൂ. ദ്രാവകത്തിലെയും തന്മാത്രകൾ അടുത്തടുത്ത് തിങ്ങി നിറഞ്ഞിരിക്കുന്നു എന്നിതിൽ നിന്ന് മനസ്സിലാക്കാം.

പക്ഷേ, ദ്രാവകത്തിലെ തന്മാത്രകൾ തമ്മിലുള്ള ബന്ധനം അത്ര ബലമുള്ളതാണോ? ദ്രാവകത്തിനെ പല തുള്ളികളായി മാറ്റാൻ കഴിയുന്നതു കൊണ്ട് അവയിലെ ബന്ധനം അത്ര ശക്തമല്ല എന്ന് നിങ്ങൾക്ക് തോന്നാം. പക്ഷേ, ഒരു കുഞ്ഞുതുള്ളിയിൽ എത്ര തന്മാത്രകൾ ഉണ്ടാവും? കോടിക്കണക്കിന്, അല്ലേ? അതെ, ദ്രാവ

ഇനി ഒരു ദ്രാവകത്തേയും വാതകത്തെയും താരതമ്യം ചെയ്യാം. നിങ്ങൾ എപ്പോഴെങ്കിലും ഒരു സൈക്കിൾ ടയറിൽ കാറ്റ് നിറച്ചിട്ടുണ്ടെങ്കിൽ വാതകത്തെ അമർത്തിനിറയ്ക്കാൻ പ്രയാസമില്ല എന്ന് എളുപ്പത്തിൽ മനസ്സിലാവും. ഒരു ലിറ്റർ വായുവിനെ നന്നായി അമർത്തിയൊതുക്കിയാൽ ഒരു തീപ്പെട്ടിക്കൂടിൽ നിറയ്ക്കാനാവും. എന്തുകൊണ്ടാണിത്? വായുതന്മാത്രകൾക്കിടയിൽ ധാരാളം സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ട്. ഉദാഹരണത്തിന് നിങ്ങളുടെ റൂമിൽ തന്നെ അടുത്തടുത്തുള്ള രണ്ട് വായുതന്മാത്രകൾക്കിടയിൽ അവയുടെ വലിപ്പത്തിന്റെ പത്തിരട്ടിയോളം ദൂരമുണ്ട്.

ഇനി ദ്രാവകവും വാതകവും തമ്മിൽ മറ്റൊരു തരത്തിൽ താരതമ്യം ചെയ്ത് നോക്കാം. നിങ്ങൾ അര ലിറ്ററിന്റെ ഒരു പാൽ പാക്കറ്റ് വാങ്ങുന്നു. നിങ്ങൾ അത് വീട്ടിലെ ഒരു കുപ്പിയിലേക്ക് ഒഴിച്ചാലും അത് അരലിറ്റർ സ്ഥലം തന്നെയെടുക്കുന്നു. ഒരു ജാറോ, വാൽപ്പാത്രമോ, കാപ്പിപ്പാത്രമോ പാത്രം ഏതായാലും പാലിന്റെ വ്യാപ്തം അര ലിറ്റർ തന്നെയായിരിക്കും. പക്ഷേ, ഒരു വാതകമോ? അതിന് കൃത്യമായ ഒരു വ്യാപ്തമില്ല. അവസരം കിട്ടുമ്പോഴേക്കും അവയിലെ തന്മാത്രകൾ എല്ലായിടത്തും ഓടിപ്പാഞ്ഞു കളിക്കും. അല്ലെങ്കിൽ അടപ്പുള്ള ഒരു പാത്രത്തിനുള്ളിലോ കതകടച്ച മുറിയിലോ അവയെ തടഞ്ഞുനിർത്തണം. ബഹിരാകാശത്ത് കൊണ്ടുപോയി ഒരു സിലിണ്ടർ വാതകം തുറന്നുവെച്ചാൽ അവയിലെ തന്മാത്രകൾ പ്രപഞ്ചം മുഴുവൻ നിറയും. ഇതിൽ നിന്ന് പെട്ടെന്നുതന്നെ നമുക്കൊരു നിഗമനത്തിൽ എത്താം. വാതക തന്മാത്രകളെ തമ്മിൽത്തമ്മിൽ ചേർത്തുനിർത്തുന്ന ശക്തിയുള്ള ബന്ധനമില്ല.




ചുരുക്കിപ്പറഞ്ഞാൽ, ഖരവസ്തുക്കളിലും ദ്രാവകങ്ങളിലും തന്മാത്രകൾ തമ്മിൽ അടുത്തടുത്തിരിക്കുകയും അവ തമ്മിൽ ശക്തിയായി ബന്ധിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. വാതക തന്മാത്രകൾ തമ്മിലാവട്ടെ ധാരാളം അകലമുണ്ടെന്നു മാത്രമല്ല അവ തമ്മിൽ കാര്യമായ ആകർഷണവുമില്ല. ഇതുവരെ പറഞ്ഞതെല്ലാം വെച്ച് നമുക്ക് വളരെ പ്രധാനമായ മറ്റൊരു നിഗമനത്തിലെത്താം. തന്മാത്രകൾ തമ്മിലുള്ള ആകർഷണബലം കുറഞ്ഞ ദൂരത്തിനുള്ളിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.

ഒരു പല്ലി, മിനുത്ത ചുവരിലും എന്തിന് മേൽക്കൂരയിൽ പോലും വീഴാതെ ഇഴഞ്ഞു നടക്കുന്നതെങ്ങനെ എന്ന് അത്ഭുതം തോന്നിയിട്ടില്ലേ? എന്താണ് അതിനെ വീഴാതെ പിടിച്ചു നിർത്തുന്നത്? അതിന്റെ കൈവിരലുകളിലും കാൽവിരലുകളിലും വെറും കണ്ണുകൊണ്ട് കാണാൻ കഴിയാത്ത കോടിക്കണക്കിന് ചെറുരോമങ്ങളുണ്ട്. ഏത് മിനുത്ത പ്രതലത്തിലും വളരെ ചെറിയ പൊട്ടലുകളും വിള്ളലുകളും ഉണ്ടാവും. പല്ലിയുടെ കാലിലുള്ള രോമങ്ങൾ ഈ വിടവുകളിലേക്ക് ഇറങ്ങുകയും രണ്ടിലേയും തന്മാത്രകൾ തമ്മിൽ ആകർഷിക്കുകയും ചെയ്യുന്നു. പലരും കരുതും പോലെ പല്ലിയുടെ കാലിലുള്ള, വായു വലിച്ചെടുത്ത് ഒട്ടിപ്പിടിക്കുന്ന സംവിധാനങ്ങളല്ല, മറിച്ച് തന്മാത്രകൾ തമ്മിലുള്ള ആകർഷണമാണ് പല്ലിയെ ചുമരിൽ ഉറപ്പിച്ച് നിർത്തുന്നത്.

അപ്പോൾ രണ്ട് വായുതന്മാത്രകൾ ഒരിക്കലും അടുത്തടുത്ത് വരുന്നില്ലേ? തീർച്ചയായുമുണ്ട്. വായുതന്മാത്രകൾ നിരന്തരം ചലിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ അവ പലവട്ടം മറ്റുതന്മാത്രകളുമായി കൂട്ടിമുട്ടുന്നുണ്ട്. ഒരു സെക്കന്റിൽ കോടിക്കണക്കിന് തവണയാണ് ഈ കൂട്ടിമുട്ടൽ നടക്കുന്നത്.

ഇങ്ങനെ ധാരാളം കൂട്ടിമുട്ടൽ നടക്കുമ്പോൾ വായുതന്മാത്രകൾ പരസ്പരം ആകർഷിക്കുകയും കൂടിച്ചേർന്ന് തുള്ളികളായും പരലുകളായും മാറുകയും ചെയ്യേണ്ടതല്ലേ? എന്തുകൊണ്ടാണ് അവ വാതക മഞ്ഞും വാതക മേഘങ്ങളും ഉണ്ടാക്കാത്തത്? അല്ലെങ്കിൽ ജലബാഷ്പത്തെപ്പോലെ ഭൂമിയിലേക്ക് മഴയായി പൊഴിയാത്തത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് ദ്രാവക ഓക്സിജന്റെ അരുവികളും, ദ്രാവക നൈട്രജന്റെ പ്രഭാത തുഷാരവും, കാർബൺ ഡയോക്സൈഡ് കൊണ്ടുള്ള ഹിമപാതവും മഞ്ഞുമലകളുമില്ലാത്തത്? വാതക തന്മാത്രകൾ തമ്മിൽ വളരെയടുത്തു വന്നിട്ടും അവ തമ്മിൽ കൂടിച്ചേരാത്തത് എന്തുകൊണ്ടാണ്?

അവയുടെ വേഗതയാണ് കാരണം. നിങ്ങളുടെ മുറിയിലെ നൈട്രജൻ ഓക്സിജൻ തന്മാത്രകൾ സെക്കന്റിൽ അരക്കിലോമീറ്റർ വേഗതയിലാണ് പറന്നുകൊണ്ടിരിക്കുന്നത്. മണിക്കൂറിൽ 1800 കിലോമീറ്റർ. അതായത് ശബ്ദത്തിന്റെ വേഗതയുടെ ഒന്നര ഇരട്ടിയിൽ. ഇത് അവയുടെ ശരാശരി വേഗതയാണ്. തീർച്ചയായും ഇതിൽ കുറഞ്ഞ വേഗതയും കൂടിയ വേഗതയുമുള്ള തന്മാത്രകൾ ഉണ്ടാവും.

ഇത്രയും വേഗതയിൽ കൂട്ടിയിടിക്കുമ്പോൾ അവയ്ക്ക് പരസ്പരം ആകർഷിക്കാൻ വേണ്ട സമയം കിട്ടുന്നില്ല. പരസ്പരം കൂട്ടിമുട്ടുന്ന ഗോട്ടികളെപ്പോലെ അവ ഇടിച്ച് തെന്നിമാറുന്നു. വാതക തന്മാത്രകൾ തമ്മിൽ കൂടിച്ചേരണമെങ്കിൽ എന്തുചെയ്യണം എന്നിപ്പോൾ മനസ്സിലായി. അവയുടെ വേഗത കുറയ്ക്കണം. എങ്ങനെ? അതിന് വാതകങ്ങളെ തണുപ്പിച്ചാൽ മതി. ഊഷ്മാവ് എത്രത്തോളം കൂടുന്നോ വാതക തന്മാത്രകളുടെ വേഗതയും അത്രത്തോളം കൂടുന്നു. അതുപോലെ ഊഷ്മാവ് കുറയുമ്പോൾ വേഗത കുറയുകയും ചെയ്യുന്നു. ഏത് വാതകത്തെയും തണുപ്പിച്ച് തണുപ്പിച്ച് ദ്രാവകമോ, എന്തിന് ഖരപദാർത്ഥം പോലുമോ ആക്കാം.

തന്മാത്രകളുടെ ചലന വേഗത കുറയ്ക്കാമെങ്കിലും അവയുടെ ചലനം പൂർണമായും നിർത്താൻ സാധ്യമല്ല. ദ്രാവകത്തിലെയും ഖരവസ്തുവിലെയും തന്മാത്രകൾ വാതകതന്മാത്രകളെപ്പോലെ ഓടിപ്പാഞ്ഞുനടക്കുന്നില്ല. ഖരവസ്തുക്കളിൽ അവ സ്വന്തം സ്ഥാനത്തുതന്നെ നിന്ന് നൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. ദ്രാവകത്തിൽ അവ കുറച്ചുസമയം ഒരിടത്തു നിന്ന് നൃത്തം ചെയ്ത ശേഷം മറ്റൊരിടത്തേക്ക് ചാടുന്നു. വീണ്ടും കുറച്ച് സമയം അവിടെ നിന്ന് നൃത്തം തുടരുകയും, പിന്നെ അടുത്തയിടത്തേക്ക് ചാടുകയും ചെയ്യുന്നു. ഇത് തുടർന്നുകൊണ്ടിരിക്കുന്നു.




വളരെയധികം ഊർജം കൂടിയ തന്മാത്രകൾക്ക് ഏതെങ്കിലും പ്രതലത്തിലേക്ക് ചാടിക്കയറി തങ്ങളുടെ കൂട്ടുകാരുടെ ബന്ധനത്തിൽ നിന്ന് വേർപെടാൻ കഴിയും. അങ്ങനെ ദ്രാവകം ബാഷ്പീകരിക്കപ്പെടുന്നു. ദ്രാവകങ്ങളെ അവയുടെ തിളനില വരെ ചൂടാക്കിയാൽ പുറമെ ഉപരിതലത്തോടടുത്തുള്ള തന്മാത്രകൾ മാത്രമല്ല, അകത്തുള്ള തന്മാത്രകളും രക്ഷപ്പെട്ട് ബാഷ്പമായി മാറുന്നു. ദ്രാവകം മുഴുവൻ വാതകമായി മാറും വരെ ഇത് തുടരും. ബാഷ്പവും വാതകവും സ്വഭാവത്തിൽ ഒന്നുതന്നെയാണ്.

(തുടരും)





# ചക്കരമാവല്ലേ

**റഫീക്ക് പൂനത്ത്**

ചിത്രീകരണം: രാജീവ് എൻ ടി



ചക്കരമാവിൻ കൊമ്പത്തന്നൊരു
മാങ്ങപഴുത്തൊരു കാലത്തന്നൊരു
സൂര്യനുണരും നേരത്തന്നൊരു
കാക്കച്ചെക്കൻ കലപില കൂട്ടി
കഥമുത്തശ്ശൻ കഥ പറയാൻ തുടങ്ങി.
"എന്തിനാ മുത്തശ്ശാ... കലപില കൂട്ട്യേ..."
"മീനമാസല്ലേ... മാങ്ങ പഴുക്കണ കാലല്ലേ...
ചക്കരമാവിൻ കൊമ്പത്തല്ലേ...
പര പരാ... വെളുക്കണ നേരല്ലേ... ആരെ
ല്ലാ... വരാ...?"
"ഛില്ലും... ഛില്ലും... ഛില്ലും... ചൊല്ലി...
അണ്ണാറക്കണ്ണൻ വരും."
"ഉം... അണ്ണാറക്കണ്ണൻ വന്ന്... കൊ
മ്പത്തൊന്ന് ചെന്ന്...
തട്ടീം ... മുട്ടീം... നോക്കി... മാമ്പഴമൊ
ന്ന് പറിച്ച് ഉള്ളം കയ്യിലേ വച്ച്...
കടിച്ച്... കുടിച്ച്... കരണ്ട്..."
"മുത്തശ്ശാ... മുത്തശ്ശാ... കൊത്യാവ്ണ്
മുത്തശ്ശാ..."
"കൊതിയൻ... മാങ്ങാക്കൊതിയൻ..."
മുത്തശ്ശൻ കുലുങ്ങി ചിരിച്ചു.
"കാക്കച്ചെക്കനെന്തിനാ... കലപില
കൂട്ട്യേ..."
"ചക്കരമാവല്ലേ... മാങ്ങ പഴുത്ത കാലല്ലേ...




പരപരാ... വെളു
ക്കണ നേരല്ലേ...
ആരെല്ലാ... വരാ...?"

"ക്കൂ... ക്കൂ... ചൊല്ലി...
കൂകിപ്പാടി... കുയിലമ്മ..."

"ഉം... കുയിലമ്മ വന്ന്...
കൊമ്പത്തൊന്നിരുന്ന്... പാ
ട്ടൊന്ന് പാടി...

ചില്ലേലേക്കിരുന്ന്... മാമ്പഴം
കൊത്തി... ചാറൊന്ന് കുടിച്ച്
കുടിച്ച്... കുടിച്ച്... "

"മുത്തശ്ശാ..."

"കൊതിയൻ... വെള്ളറക്കാ..."
മുത്തശ്ശൻ ചിരിച്ചു കുഴഞ്ഞു.

"കാക്കച്ചെക്കനെന്തിനാ... കലപില കൂട്ട്യേ..."

"ചക്കരമാവിൻ ചോടല്ലേ... മാങ്ങ പഴുത്തൊരു
കാലല്ലേ...

പരപരാ... വെളുക്കണ നേരല്ലേ...

സ്കൂളില്ലാത്ത കാലല്ലേ... ആരെല്ലാ... വരാ...?"

"കൂകി വിളിച്ച് കലപില കൂട്ടി, ചക്രമുരുട്ടി... പങ്ക
കറക്കി...

"ഈ... സോന്വും... പിന്നെ... മീന്വും..."

"ഉം... സോന്വും... മീന്വും വന്ന്... മാവിൻചോ
ടെല്ലാം... പരതി... മാവൊന്ന് കുലുക്കീ... നിലത്താ
ഞ്ഞു ചവിട്ടി... മേലോട്ടുനോക്കി... കൊഞ്ച്യൊന്ന്
പറഞ്ഞ്...

പൂവാലൻ കണ്ണാ...അണ്ണാറക്കണ്ണാ... പഴു
ത്തൊരു... തുടുത്തൊരു... മാമ്പഴം തായോ...

മാമ്പഴം വീഴുമ്പോ... ഓടിച്ചെന്നെടുക്കുമ്പോ...
നിലത്തൊന്നു പെരളുമ്പോ... ഈമ്പ്യൊന്ന്...
കുടിക്കുമ്പോ..."

"മുത്തശ്ശാ!!"
"കൊതിയൻ... വായേല്... കപ്പലോടിക്ക്യാ...!!"
"കാക്കപ്പെണ്ണെന്തിനാ... കലപില കൂട്ട്യേ...?"
"ചക്കര മാവല്ലേ... മാമ്പഴക്കാലല്ലേ...
കൊതിയൻ വരവല്ലേ... കൊമ്പത്ത് കൂടില്ലേ...
കൂട്ടില്... മുട്ടല്ലേ... മുട്ടക്ക് ചൂടേകാൻ...
ഓന്റൊരു പെണ്ണില്ലേ...
കല്ല്... കവണക്കമ്പ്... കൊക്ക എന്റമ്മോ...!!
കാക്കക്ക് പേട്യല്ലേ... കലപില കൂട്ടേണ്ടേ!!
കാക്കക്ക് പേട്യല്ലേ... കലപില കൂട്ടേണ്ടേ!!!"

കഥാകാരന്റെ
ശബ്ദത്തിൽ
കഥ കേൾക്കാൻ
സ്കാൻ ചെയ്യൂ

# കാഴ്ചപ്പുറം

സുരഭിവചന

## പക്ഷി

### വിരലും കാലും

ചില പക്ഷികളുടെ കാൽവിരലുകൾ അകന്ന് നിൽക്കുന്നത് കണ്ടിട്ടുണ്ട്. മനുഷ്യനെപ്പോലെയല്ല അവയ്ക്ക് അങ്ങനെയാണ് കാലുകൾ എന്ന് മനസ്സിൽ കരുതി നിരീക്ഷണം പെട്ടെന്ന് അവസാനിപ്പിക്കരുത്. ഇങ്ങനെ വിരലുകളുള്ള പക്ഷികളുടെ കാല് ശ്രദ്ധിക്കണം. അത് നീളത്തിലുള്ളതായിരിക്കും. അതായത് ഇവയെല്ലാം ജലപ്പറവകളായിരിക്കും. ആഴമുള്ള ജലത്തിൽ നിന്ന് ഇര പിടിച്ചെടുക്കുന്നവർ. എത്ര ആഴത്തിൽ നിന്നാണോ തീ
അതനുസരിച്ച് കാലിന്റെ നീളം കൂടും. അപ്പോൾ വിരൽ അ

വെള്ളമുണ്ടെങ്കിൽ ചെളിയും കാണുമല്ലോ. പക്ഷി ചെളി
രിക്കാനുള്ള അനുകൂലനമാണ് ഈ അകന്നുള്ള വിരലു
എന്നല്ലേ?

വിരലുകൾ അകന്നിരിക്കുമ്പോൾ പക്ഷികളുടെ ഭാരം കൂട
വ്യാപിക്കും. അങ്ങനെയത് താഴ്ന്ന് പോവില്ല.



## തപാൽ

ദിനാചരണം

യു.പി.യു. എന്ന് കേ
യൂണിവേഴ്സൽ പോസ്റ്റൽ യ
വിവിധ രാജ്യങ്ങളിലെ തപാൽ സം
സംഘടന. യു.പി.യു.വിന്റെ, 1969 ൽ നടന
ബർ 9 ലോക തപാൽദിനമായി ആചരിക്ക
രാജ്യങ്ങളിലും അന്ന് വിവിധ പരിപാടികൾ
പോസ്റ്റർ പ്രദർശനം, തുടങ്ങിയവ. യുനസ്കോ
യു.പി.യു. നടത്തുന്ന അന്തർ ദേശീയ കത്തെഴു
ഇന്ത്യയിലെ തപാൽ സംവിധാനം വെറും
ഇന്ന്. സാങ്കേതികവിദ്യയും മറ്റും ഏറെ പ്രയോജ
മേഖലകളിലേക്കും ഇ- പോസ്റ്റ്, ഇ-മണിഓർ
ചെന്നെത്തിയിരിക്കുന്നു. നമുക്ക് ഒരു ദേശീയ
ബർ 10 നാണ്. ഇനി ഒരു കാര്യം കൂടി.


*നിങ്ങൾക്ക് ഭൂരിപക്ഷം പേർക്കും യുറീക്ക വ*
*നത്തിൽ നിങ്ങളുടെ പോസ്റ്റ്മാന് ഒരു കര*
*ച്ചുതരുന്നതിലുള്ള ഒരു അഭിനന്ദനവും*
*എന്നിട്ട് അദ്ദേഹം എന്തു പറഞ്ഞെന്നുകൂടി*
വാട്സ് ആപ്പ് നമ്പർ വീണ്ടും പ

## പുതിയ വാർത്ത

### വര്രൂ... ഉൽക്ക വിറ്റ് കഴിയാം

താമസിക്കുകയാണെങ്കിൽ ഇവിടെ വേണം. ബ്രസീലിലെ സാന്റ ഫിലോമിന നഗരത്തിൽ. എന്താണെന്നോ? അവിടെ ഒരു സംഭവം നടന്നു.

ഇക്കഴിഞ്ഞ ആഗസ്റ്റ് 19 നാണ്. കോടാനുകോടി വർഷങ്ങൾ പഴക്കമുള്ള ഒരു ഉൽക്ക ഇരുനൂറിലധികം കഷണങ്ങളായി ചിന്നിച്ചിതറി സാന്റ ഫിലോമിനയുടെ തറയിൽ പതിച്ചു. ഒരു പാറ മഴ തന്നെയായിരുന്നുപോലും അത്. ഭൂമി ഉണ്ടാകുന്നതി



ള
ഒ
ക്കി
പട
കഴി
ച്ചമ്മാ
തുടങ്ങി.

# ലോകം



കട്ടിട്ടുണ്ടോ?
യൂണിയൻ എന്നാണത്.
വിധാനങ്ങളുടെ ഏകോപിത
ന സമ്മേളനത്തിലാണ്. ഒക്ടോ
ാൻ പ്രഖ്യാപനം വരുന്നത്. മിക്ക
സംഘടിപ്പിക്കും. സ്റ്റാമ്പ് പ്രദർശനം,
യുമായി ചേർന്ന് യുവതലമുറയ്ക്കായി
ത്ത് മത്സരവും അന്നുതന്നെയാണ്.
കത്തുകളിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല
ജനപ്പെടുത്തി, ബാങ്കിങ്ങ് ഇൻഷുറൻസ്
ഡർ സംവിധാനങ്ങളിലേക്കും അത്
തപാൽദിനം കൂടിയുണ്ട്. അത് ഒക്ടോ

*ുരുന്നത് തപാലിലല്ലേ. ഈ തപാൽദി*
*ത്തഴുതു. നിങ്ങൾക്ക് യുറീക്ക എത്തി*
*തപാൽദിനാശംസയും നേരൂ.*
*ി കാഴ്ചപ്പുറത്തെ അറിയിക്കണേ...*
റയണോ... 9497172919.

ിറ്റ തേടുന്നത്
കുന്നതോ?
യിൽ പൂണ്ടുപോവാതി
കൾ. അതെങ്ങനെ

ുതൽ പ്രദേശത്തേക്ക്

ന്ന മുമ്പ്, അതായത് സൗരയൂഥം രൂപംകൊണ്ട ആദ്യ കാലങ്ങളിൽ രൂപപ്പെട്ടതാണ് ഉൽക്ക. വീണ ഏറ്റവും വലിയ കഷ്ണത്തിന്റെ തൂക്കം 40 കിലോഗ്രാമായിരുന്നു. ഈ കഷണങ്ങളെല്ലാം പതിനായിരക്കണക്കിന് ഡോ റുകൾ വിലയിട്ട് നൽകി ജനങ്ങളിൽ നിന്ന് ശേഖരിക്കു മന്ന് ബ്രസീലിലെ നാഷണൽ മ്യൂസിയം ഉത്തരവിറ യിട്ടുണ്ട്. ഇതറിഞ്ഞതോടെ ഉൽക്കയുമായി നിൽക്കുന്ന ങ്ങളുമായി ആൾക്കാർ സമൂഹമാധ്യമങ്ങളിൽ നിറഞ്ഞു ത്തു. താമസിക്കുകയാണെങ്കിൽ ഇവിടെ താമസിക്കണം. കാശുകാരാവാം. ആളുകൾ അസൂയയോടെ പറയാൻ അതും സാമൂഹ്യ മാധ്യമങ്ങളിലൂടെ.

**സമ്മാനക്കാര്യം**


## കൃഷിയും ഞാനും

കൃഷിയിടം വേണ്ട, അധികസ്ഥലവും വേണ്ട ഇന്ന് കൃഷിചെയ്യാൻ... എന്തെങ്കിലും നട്ടുവളർത്താൻ. ഒക്ടോബർ 16 ലോക ഭക്ഷ്യദിനമാണ്. നിങ്ങളുടെ വീട്ടിൽ നട്ടുവളർത്തി, വിളവെടുത്ത് പാകം ചെയ്തപ്പോൾ കിട്ടിയ ഒരു അനുഭവക്കുറിപ്പ് കാഴ്ചപ്പുറത്തിന് അയച്ചുതരൂ. ഇതാ വാട്സ് ആപ്പ് നമ്പർ 9497172919. മികച്ച കുറിപ്പുകൾക്ക് സമ്മാനം.

# അധ്യാപകർ എന്റെ കാഴ്ചപ്പാടിൽ

**ഷിബിൻ എസ്,** ജി എച്ച് എസ് എസ്, മുതലമട, പാലക്കാട്.

ഇഷ്ടം കൂടാൻ കഴിയണം അധ്യാപകരോട്. അവർ ഞങ്ങളോട് വളരെ അടുപ്പമുള്ളവരും, ചങ്ങാതികളുമായിരിക്കണം. ഞങ്ങൾക്ക് പ്രശ്നം വന്നാൽ കൂടെ നിൽക്കണം. അച്ഛനമ്മമാരോട് പറയാൻ പറ്റാത്ത കാര്യങ്ങൾ പറഞ്ഞാൽ അധ്യാപകന് അതു പരിഹരിക്കാനാവും എന്ന് ഞങ്ങൾക്ക് തോന്നണം. തല്ലേണ്ടി വന്നാൽ തല്ലുകയും ശാസിക്കേണ്ടിവന്നാൽ ശാസിക്കുകയും ചെയ്യണം. പക്ഷേ, അതുകഴിഞ്ഞ് ഞങ്ങളെ തനിച്ചു വിളിച്ച് അടുത്തിരുത്തി ഒന്ന് ആശ്വസിപ്പിച്ചാൽ ഞങ്ങൾക്ക് അവരോട് ഇഷ്ടം കൂടും.




ചിത്രീകരണം : **അംന അബ്ദുൾ അസീസ്,** 4 ബി, ജി എൽ പി എസ് കൊടകര, തൃശ്ശൂർ.

ഡയറി

# കൊറോണക്കാലത്ത് ഒരു ദിവസം

**ആർഷ്ദീപ് എസ് പി,**
3എ, എ എൽ പി സ്കൂൾ, വലിയപറമ്പ്, വലിയപറമ്പ് പി ഒ, കാസർകോട് – 671312

**22.06.2020 തിങ്കൾ**



ചിത്രീകരണം: **ശ്രേയ എസ്,** 8 സി, ജി എസ് എം വി എച്ച് എസ് എസ് തത്തമംഗലം, പാലക്കാട്.

**വൈ**കിയാണ് ഉണർന്നത്. കണിമോൾ അടുത്തുവന്ന് കുത്തിമറിയുന്നുണ്ടായിരുന്നു. പിന്നെ, അധികസമയം കിടന്നില്ല. കാരണം, എപ്പഴാണ് കടി വീഴുന്നതെന്ന് പറയാൻ പറ്റില്ല. കടി എന്നൊക്കെ പറഞ്ഞാൽ..! കടിച്ചുപറിക്കും. ഓർക്കുമ്പോൾ തന്നെ പേടിയാവുന്നു.

ജനലിലൂടെ പുറത്തേക്ക് നോക്കി. നേരിയ ചാറ്റൽമഴ ഉണ്ട്. തണുപ്പുമുണ്ട്. എന്നാലും എഴുന്നേറ്റ് പുറത്തേക്ക് നടന്നു. ആകാശം ഇരുണ്ടു മൂടി കിടക്കുന്നു. കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുവരുന്ന സൂര്യൻ മഴക്കാറുകൾക്കിടയിൽ ജ്വലിക്കുന്നു. കാണാൻ നല്ല ഭംഗിയുണ്ട്.

പ്രഭാതകർമങ്ങൾ വേഗം കഴിച്ചു. അപ്പോഴേക്കും അച്ഛനും പൊന്നുസേട്ടനും വ്യായാമം കഴിഞ്ഞ് കടപ്പുറത്തു നിന്നും മടങ്ങിയെത്തി. ചായകുടി കഴിഞ്ഞ് യുറീക്കയിലെ പദപ്രശ്നം ചെയ്യാനിരുന്നു. ഒരു വാക്ക് കിട്ടാൻ കുറെ സമയമെടുത്തു. ആദ്യത്തെ അക്ഷരം 'നെ'യും അവസാന അക്ഷരം 'ട'യും. അവസാനം കിട്ടി, 'നെല്ലിട.' പദപ്രശ്നം ചെയ്ത് വാട്സ്ആപ്പിൽ അയച്ചു. എന്നിട്ട് യുറീക്ക മുഴുവൻ വായിച്ചു തീർത്തു. വായിച്ചപ്പോൾ കഥകൾ മാത്രമല്ല കുറെ അറിവുകളും നേടാൻ കഴിഞ്ഞു.

ഒരു മണിയായപ്പോൾ വിക്ടേഴ്സ് ഓൺ ചെയ്ത് ക്ലാസ് കണ്ടു. അതു കഴിഞ്ഞപ്പോൾ അമ്മ ഭക്ഷണത്തിനു വിളിച്ചു. നല്ല വിശപ്പ്. വേഗം ഭക്ഷണം കഴിച്ചു. കുറെ നേരം കൊച്ചു ടി വി കണ്ടു.

വൈകുന്നേരം വൈക്കത്തുനിന്നും രാജാപ്പനും നീരജേട്ടനും വന്നു. കുറെ ചക്കകളും കൊണ്ടുവന്നിരുന്നു. ഈ വർഷം ഞങ്ങൾക്ക് കുറേ ചക്കകൾ കിട്ടിയിരുന്നു.

സന്ധ്യ ആയപ്പോഴാണ് ഡയറി എഴുതാനിരുന്നത്. പുറത്ത് തവളയുടെയും ചീവീടുകളുടേയും ശബ്ദം കേൾക്കുന്നുണ്ട്. രാത്രിയാകുമ്പോൾ ഇവറ്റകൾ എന്തിനാണ് ഇത്രയും ഒച്ച വയ്ക്കുന്നത്?

കുറെ മുമ്പ് റോഡിലൂടെ അനൗൺസ്മെന്റ് പോകുന്നുണ്ടായിരുന്നു. വലിയപറമ്പിൽ എവിടെയോ കൊറോണ ബാധിച്ച പോലും. ചൈനയിൽ കൊറോണ പടരുന്നത് പത്രത്തിൽ വായിച്ചതാണ്. ഇപ്പോൾ കോവിഡ് നമ്മുടെ തൊട്ടടുത്ത് എത്തിയിരിക്കുന്നു.

ഇന്ന് ഡയറി ഇത്രമാത്രം. ഇനി ഭക്ഷണം കഴിച്ച് ഉറങ്ങണം.

# തിരുവോണ ഡയറി

**മിത്ര എം കെ,** 4, പി കെ എം എ യു പിസ്കൂൾ, ചിറ്റിലഞ്ചേരി, പാലക്കാട്,

ഇന്നലെ അമ്പലത്തിൽ പോയിരുന്നു. വിശേഷങ്ങൾ കേൾക്കണ്ടേ?

രാവിലെ 7 മണിക്ക് എഴുന്നേറ്റു. പല്ലുതേച്ച് കാപ്പികുടിച്ച് കുളിച്ച് ഭക്ഷണം കഴിച്ച് ഉടുപ്പിട്ട് തലകെട്ടി 8 മണിക്ക് അമ്പലത്തിലേക്ക് പുറപ്പെട്ടു. ഞാനും അമ്മമ്മയും മാത്രമല്ല! കൂടെയുണ്ട് അമ്മമ്മയുടെ ചങ്ങാതി മുത്തശ്ശികൾ! സുനീതി, ഓമന, ജയ, സുഭദ്ര... എല്ലാരും കൂടിയാണ് യാത്ര.

അങ്ങനെ റോഡിലേക്കിറങ്ങി. അയൽ വീട്ടിലെ ബൊമ്മി വലിയമ്മയുടെ വീട്ടിലാണ് ഞാൻ പൂവിടാൻ പോകാറുള്ളത്. അമ്മമ്മയുടെ വീട്ടിൽ ധാരാളം പൂക്കളുണ്ട്, അവിടെ ഇടാമായിരുന്നു. പക്ഷേ, എങ്ങനെ? അപ്പോൾ വരും നൂറുകോടി പൂച്ച, പട്ടി, മയിൽ, കുയിൽ, മൈന...എന്തിന്? പാമ്പുകൾ വരെ അതിഥികളാണ്. വലിയൊരു മഞ്ഞച്ചേരയുണ്ട്, അനാക്കൊണ്ട തോറ്റുപോകും! ഇവരെല്ലാമുള്ളപ്പോൾ എങ്ങനെ പൂക്കളമിടും?

"ബൊമ്മീ... പൂക്കളമിട്ട്യോ?" അമ്മമ്മ ചോദിച്ചു.

"ഇട്ടു.. ഇന്ന് പൂക്കൾ കൊറച്ചേയുള്ളൂ!" വലിയമ്മ പറഞ്ഞു.

"തിരുവോണായിട്ട്? ഞാൻ അമ്പലത്തില് പോയി വരാ ട്ടോ.. പൂക്കൾ ഉണ്ടെങ്കിൽ കൊണ്ടു വരാം.." ഞാൻ പറഞ്ഞു. പിന്നെ നടന്നു. എവിടേയും പൂക്കളില്ല.. പുല്ലുകൾ! അമ്പലത്തിലെത്തി, മാസങ്ങൾക്കു ശേഷം.

പക്ഷേ, സ്ഥലങ്ങൾ ഓർമയിൽ നിന്ന് പോയിട്ടില്ല. മുമ്പ് ഞാൻ അമ്പലത്തിന്റെ മുന്നിലെ മാവിൻ കൊമ്പിൽ തൂങ്ങിയാടിയിട്ടുണ്ട്.

"ദ് ഭണ്ഡാരത്തിലിട് ട്ടോ.." അമ്മമ്മ 10 രൂപ തന്നു. ദൈവത്തിനെന്തിനാ പൈസാന്ന് ചോദിക്കാൻ തോന്നി. പക്ഷേ, പാവം പൂജാരി എടുത്തോട്ടെ!

അമ്പലത്തിലേക്കുള്ള പടിയിറങ്ങി. അയ്യപ്പൻ പാട്ട് പാടുന്ന സ്ഥലം! അവിടെ അടച്ചുപൂട്ടിയിട്ടുണ്ട്. ഞാൻ ചെരുപ്പൂരാൻ മറന്നു. "ഹയ്യോ! അമ്മമ്മ കണ്ടാലോ.." ഞാൻ ചിന്തിച്ചു. "ഇനിയെങ്ങനെ



ചിത്രീകരണം: **ലിംന പി എസ്,**
5 ാം തരം, എം കെ എം എൽ പി എസ് പോങ്ങിൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം.

കയറും?" വഴിയില്ലാതെ അമ്മമ്മയോട് പറഞ്ഞു. അമ്മമ്മ ആരുമില്ലാത്ത തൊടിയിൽ ചെരുപ്പൂരി വെക്കാൻ പറഞ്ഞു. സമാധാനം!

തിരിച്ചുപോകേണ്ട സമയമായി. അമ്പലത്തിന് മുമ്പിലാണ് തൊടി. എങ്ങനെ ചെരുപ്പിടും? ഞാൻ തൊടിയിലേയ്ക്ക് കയറി ചെരുപ്പിട്ട് മതിലിന്റെ മറവിലൂടെ വന്ന് അയ്യപ്പൻ പാട്ടിന്റെ സ്ഥലത്തെത്തി. സമാധാനം! ആരുമില്ല! പൂജാരി തിണ്ണയിൽ ഇരുന്ന് ഫോൺ നോക്കുന്നുണ്ടായിരുന്നു. അവർ കാണാ തെ അപ്പുറത്തെത്തി. ആശ്വാസത്തോടെ നടന്നു.

അവിടെ തിണ്ണയിൽ ഒരു നായ സ്വസ്ഥമായി കിടന്നുറങ്ങുന്നു. ഉണർന്നാൽ കുരയ്ക്കും. ഞാൻ പേടിയോടെ നടന്നു. ഭാഗ്യം! ആരും കണ്ടില്ല. അമ്മമ്മ അപ്പോഴേയ്ക്കും അവിടെയെത്തി.

റോഡിലെത്തി. "ഹാപ്പി കൊറോണം!" ഞങ്ങളെ കണ്ടപ്പോൾ കുമാരമുത്തശ്ശൻ പറഞ്ഞു. ആരോ ചിരിക്കുന്നതും കേട്ടു.

ഞാൻ നേരത്തേ പറഞ്ഞ ബൊമ്മി വലിയമ്മയുടെ വീട്ടിലെത്തി.

"പൂവൊന്നും കിട്ടീലാ!" ഞാൻ പറഞ്ഞു. അകത്തേയ്ക്ക് കയറി. പൂക്കളം കണ്ട് ഞെട്ടി! ചെറുത്!

എനിക്ക് സങ്കടം വന്നു. മതിലിന്റെ ഓരത്ത് തുമ്പകൾ ഉണ്ടായിരുന്നു. അതൊക്കെ വലിച്ച് ഞാൻ കുറച്ചുകൂടി വലിയ പൂക്കളം ഇട്ടുകൊടുത്തു.

"ന്നാലും തിരുവോണായിട്ട്.. പാവം മാവേലി!" ഞാൻ സ്വയം പറഞ്ഞ് വീട്ടിലെത്തി.

## ഓണം വന്നേ.....

**ദുർഗ എസ് ദിനേശ്,** 5എ, എൻ എസ് എം ജി എച്ച് എസ്, കൊട്ടിയം,കൊല്ലം.

**മാ**സങ്ങൾക്കു ശേഷം വീടിനു പുറത്തിറങ്ങി. അന്ന് എന്റെ പിറന്നാളായിരുന്നു. രാവിലെ ചാച്ചന്റെയും അമ്മാമ്മയുടെയും വീട്ടിൽ പോയി. അവിടെ തോട്ടുവരമ്പിലൂടെയും വയൽവരമ്പിലൂടെയും നടന്നു. പലതരത്തിലുള്ള ചെടികൾ. ഓണക്കാലമായതുകൊണ്ട് ചെടികളിൽ നിറയെ പൂക്കൾ ഉണ്ടായിരുന്നു. കുട്ടതലും പെരിയലം ആയിരുന്നു. കലംപൊട്ടിപ്പൂവും അവിടെ ഉണ്ടായിരുന്നു. ആ പൂവിനെ ഇതിനുമുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ല. പൂക്കളിൽ തേൻനുകരാൻ വണ്ടുകളും ശലഭങ്ങളും വരുന്നു. ഇത് നാട്ടുപൂക്കളുടെ തോട്ടമാണെന്നു തോന്നുന്നു. എത്ര സുന്ദരമായ കാഴ്ച!



ചിത്രീകരണം: **ഗസൽ സക്കരിയ,** 5 ാം തരം, എൻ എൻ എൻ എം യു പി എസ്, കാറൽമണ്ണ, പാലക്കാട്.

ആരും കേൾക്കാത്ത കഥ പറയുക, പുതുമ വേണം.
എന്നൊക്കെപറഞ്ഞാൽ കുഴങ്ങി.
ഒരു കഥ അങ്ങോട്ട് പറയും. അല്ല, ഉള്ളിലുള്ളതല്ലേ പറയാൻ ഒക്കൂ...
ഇനി, വായിക്കുമ്പോൾ പലതും മനസ്സിലാവാത്തതുണ്ടാവും.
എങ്കിൽ, അത്, വായിക്കാഞ്ഞാൽ മതി. അല്ലെങ്കിൽ അങ്ങോട്ട് വായിക്കുക തന്നെ.
എന്നാൽ... ഇനി കഥ പറയട്ടെ.

# ഇങ്ങനെയുമൊരു കഥ

**ഷിനോജ് രാജ്**

ചിത്രീകരണം: കെ.സതീഷ്



**ഫി**ജാഷി യുജാഷി ഫ്യ ഫ്യ

**ഫംജ്യപ ഫ്യജ്ജഫ്യ...**

അപ്പൂപ്പൻ പട്ടവും പറത്തി കൊച്ചുമകനെ വിളിച്ചു.

**ഫജഫ ഫ്യ ഫ്യ ഫിയഫ**

**ഫജഫ ഫ്യ ഫ്യ ഫഷുഫി**

കൊച്ചുമകൻ പട്ടത്തിന്റെ ചിത്രപ്പണി കണ്ട് മതിമറന്നു.

"പട്ടം കയറുപൊട്ടിച്ച് ആകാശത്തിലൂടെ നീങ്ങിയാൽ പിന്നെ അതെവിടെപ്പോവും അപ്പൂപ്പാ?" കൊച്ചുമകൻ ചോദിച്ചു.

അപ്പൂപ്പൻ ചിന്തിക്കാൻ തുടങ്ങി.

**ഫിയാത്സി ഷ്യ ഷ്യ ഷി**

**വിഷി വിഷി ഷ്യ ഷ്യ ഷി**

മേഘങ്ങളിൽ പോയി പട്ടം വിരുന്നു പാർക്കുമോ? അമ്പിളിമാമന്റെ കൂടെ ക്രിക്കറ്റ് കളിക്കുമോ? നക്ഷത്രങ്ങളോടൊപ്പം 'ഡി.ജെ' ആടുമോ?

**വ വ്വ ഷീഷേ**

**യജ ജജ ഷീഷേ...**

ഇങ്ങനെ ഒന്നും ഉണ്ടാവില്ല. എന്നാലും എന്തു പറയും? കുട്ടി ഉത്തരം സ്വയം കണ്ടുപിടിക്കട്ടെ.

അപ്പൂപ്പൻ പട്ടത്തിന്റെ കയറ് ഒന്നുകൂടെ അയച്ചുവിട്ടു.

ഠിം!

ഊജി – ഷിഖി പക്ഷി വന്ന് ഒറ്റക്കൊത്തലും പറക്കലും.

**വിയ്യ വിയ്യ ഷബാ ഷാബാ**

**വിയ്യ വിയ്യ ശഖാ ശാഖാ**

അപ്പൂപ്പനും പേരക്കുട്ടിയും പക്ഷിക്കു പിന്നാലെ ഓടി.

ഓടിയോടി അവർ സാക്കായിലെത്തി. പിന്നെ ഒസാക്കയിലെത്തി. ക്യോട്ടോയിലും നഗോയിലുമെത്തി.

**വ ഷൂജി വി ഫ്യൂജിസ**

ടി.വിയിലൊക്കെ പടം വന്നു. വാർത്തയും വന്നു.

ഊജി – ഷിഖിയുടെ കൂട്ടിൽ ഒരു അപ്പൂപ്പനും അദ്ദേഹത്തിന്റെ പേരമകനും പാർക്കുന്നുണ്ടത്രേ!

**വ ഷൂജി വി ഫ്യൂജിസ**

അമ്മമാരൊക്കെ കുട്ടികൾക്ക് ഈ കഥ പറഞ്ഞുകൊടുത്തുകൊണ്ടേയിരുന്നു.



അല്ലേ, ആ ഊജി – ഷിഖി പക്ഷിക്ക് ആ പട്ടം കൊത്തേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ? ആർക്കറിയാം അത് കൊത്തി എന്ന്?

**വ്യ ഷൂജി വി ഫ്യൂജിസ**

പട്ടം കൊത്തിയ ഊജിക്കിളി എന്നൊരു പേരും അതിനു കിട്ടി.

പക്ഷേ, ആ കുട്ടിയും അപ്പൂപ്പനും എവിടുത്തുകാരായിരിക്കും?

എക്കാലത്താണവർ ജീവിച്ചത്?

ഓ... ആരു കണ്ടു?



പ്രേമജ ഹരീന്ദ്രൻ

14

ചിത്രീകരണം: റോഷൻ

# ഭൂമിലെ നക്ഷത്രങ്ങൾ

ക്ലാസ്സിൽ ഒരു പുതിയ കുട്ടി കൂടി വന്നു ചേർന്നിട്ടുണ്ട്. എല്ലാവരും അവനെ പരിചയപ്പെടുന്ന തിരക്കിലാണ്. സുപ്പു മാത്രം അങ്ങോട്ട് ചെല്ലാതെ തന്റെ സീറ്റിൽ ഒതുങ്ങി മാറിയിരുന്നു.

ഇന്റർവെല്ലിന് എല്ലാവരും പുറത്തേക്ക് പോയപ്പോൾ പുതിയ കുട്ടി സുപ്പുവിന്റെ അടുത്തെത്തി.

"എല്ലാവരും എന്നെ പരിചയപ്പെട്ടു. കുട്ടി മാത്രം ഒന്നും മിണ്ടിയില്ല. എന്താ എന്നോട് മിണ്ടാത്തത്?"

ചിരിച്ചുകൊണ്ട് അവൻ കൈ നീട്ടിയപ്പോൾ സുപ്പുവിന് കൈനീട്ടാതിരിക്കാൻ കഴിഞ്ഞില്ല.

"ഞാൻ നന്ദൻ ഇമ്മാനുവൽ. എല്ലാരും നന്ദൂന്ന് വിളിക്കും. എന്താ കുട്ടിയുടെ പേര്?

"സുപ്പു... അല്ലല്ല അബു സുഫിയാൻ."

"ഞാൻ സുപ്പുവെന്നേ വിളിക്കു കേട്ടോ."

അവർ രണ്ടുപേരും ഒരുമിച്ചു ചിരിച്ചു.

സുപ്പുവിന്റെ വീടിനടുത്തുള്ള കോൺവെന്റിൽ പുതുതായി താമസിക്കാനെത്തിയതാണ് നന്ദു.

അന്ന് വൈകുന്നേരം തന്നെ മദറിന്റെ സമ്മതം വാങ്ങി നന്ദു സുപ്പുവിന്റെ വീട്ടിലെത്തി.

"സുപ്പുവെന്താ ക്ലാസ്സിൽ ആരോടും കൂട്ടുകൂടാത്തത്?"

നന്ദു ചോദിച്ചപ്പോൾ സുപ്പു ഒന്നും പറയാതെ തല താഴ്ത്തിയിരുന്നു.

അൽപ്പസമയം കഴിഞ്ഞ് നന്ദു അവന്റെ മുഖം പിടിച്ചുയർത്തി. സുപ്പുവിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

"അയ്യേ, നീ കരയുകയാണോ?"

"എന്നോട് ആരും കൂട്ടുകൂടാറില്ല നന്ദൂ. എന്റെ കാല് കണ്ടോ നീ. ഇത് കൊണ്ടാവും എന്നെ ആർക്കും ഇഷ്ടമല്ല. എന്റെ കൂടെ ആരും കളിക്കില്ല."

നന്ദുവിന്റെ മുഖത്തും ഒരു നിമിഷനേരത്തേക്ക് സങ്കടം നിറഞ്ഞു. പിന്നെ സുപ്പുവിന്റെ രണ്ടു കൈയും ചേർത്തുപിടിച്ചു കൊണ്ടുപറഞ്ഞു.

"കാലു വയ്യെങ്കിലെന്താ! നീ എത്ര നല്ല കുട്ടിയാ; ഞാൻ കൂട്ടമല്ലോ നിന്റെ കൂടെ. പിന്നെ, ഇങ്ങനെ നിസ്സാര കാര്യത്തിന് കരഞ്ഞു സങ്കടപ്പെട്ടിരിക്കാമോ സുപ്പൂ? നീ എന്നെ നോക്ക്. നിനക്ക് ഉമ്മയെങ്കിലുമുണ്ടല്ലോ. എനിക്കാരുമില്ല. അച്ഛനെയോ അമ്മയെയോ കണ്ട ഓർമ പോലുമില്ല." നന്ദു ചിരിച്ചുകൊണ്ടാണ് പറഞ്ഞത്.

പക്ഷേ, ചിരിക്കുമ്പോഴും അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. രാത്രി ഉമ്മയെ കെട്ടിപ്പിടിച്ച് കിടക്കുമ്പോൾ തന്റെ എല്ലാ സങ്കടങ്ങളും മാറാറുണ്ടല്ലോ എന്ന് സുപ്പു ഓർത്തു. അങ്ങനെയാരും നന്ദുവിനില്ല എന്നതിൽ അവന് സങ്കടം തോന്നി.

"ഒന്നു ഞാൻ മറന്നുപോയി നന്ദൂ. ആരുമില്ലെങ്കിലും എനിക്ക് പടച്ചോനുണ്ട്. നിനക്ക് കാണണോ എനിക്ക് പടച്ചോനയച്ച കത്തുകൾ?"

ഒരു പെട്ടിയിൽ നിന്ന് കുറെ കത്തുകൾ സുപ്പു പുറത്തെടുത്തു.

നന്ദു അതിശയം കൂറി.

"ങേ പടച്ചോനയച്ച കത്തുകളോ?"

"അതെയതെ. സ്കൂൾ തുറക്കുന്നതുകൊണ്ട് എനിക്കൊരു ഇൻസ്ട്രുമെന്റ് ബോക്സും അയച്ചു തന്നു."

നന്ദു അതിശയത്തോടെ ആ കത്തുകളോരോന്നും വായിച്ചു നോക്കി.

"പടച്ചോനോ? നന്ദു സംശയത്തോടെ സുപ്പുവിനെ നോക്കി.

"അതെ, പടച്ചോൻ തന്നെ." സുപ്പുവിന്റെ



ശബ്ദം ഉറച്ചതായിരുന്നു.

ഇതുവരെ ഒഴിവു ദിവസങ്ങളിൽ സുപ്പു ഒറ്റയ്ക്കായിരുന്നു. ഇപ്പോൾ അവന് നല്ല കൂട്ടായി നന്ദു. അവധി ദിവസങ്ങളിൽ നന്ദു രാവിലെ സുപ്പുവിന്റെ വീട്ടിലെത്തും. രണ്ടുപേരും കൂടിയിരുന്ന് കഥാപ്പുസ്തകങ്ങൾ വായിക്കും. തോട്ടിൽ മീൻ പിടിക്കാനും വയലിൽ ആളുകൾ പണിയെടുക്കുന്നത് കാണാനും ഒരുമിച്ച് പോയി.

സുപ്പുവിന്റെ ഉമ്മ രണ്ടുപേർക്കും ഒരുപോലെ സ്നേഹത്തോടെ ആഹാരം വിളമ്പി. സുപ്പു തന്റെ മാവിൻ കൊമ്പിലെ ഇരിപ്പിടത്തിനടുത്ത് നന്ദുവിനും ഒരു പുതിയ ഇരിപ്പിടം കണ്ടെത്തി. ജീവിതത്തിൽ സന്തോഷത്തിന്റെ പുതുപൂക്കൾ വിരിഞ്ഞു സുഗന്ധം പരത്തുന്നത് ആ കുഞ്ഞുങ്ങളറിഞ്ഞു.

*(തുടരും)*

## സമ്മാനചോദ്യം

**കാഴ്ചപ്പുറം**

### ജൂലൈ 16/ 2020

**ഇത് ആരുടെ കുട്ടിക്കാലം?**

*ഉത്തരം: ആൽബർട്ട് ഐൻസ്റ്റൈൻ*

1. **അഷ്ടപദി എ.കെ,** പൊലിക, വേങ്ങര, തൊടിയൂർ നോർത്ത് പി.ഒ., കരുനാഗപ്പള്ളി, കൊല്ലം 690529
2. **നിദാൻ എസ്.കെ.,** മേത്തടി വീട്, നടക്കുതാഴ പി.ഒ., വടകര– 673104

### ആഗസ്റ്റ് 1/2020

**ഇത് ഏത് സംഭവം?**

*ഉത്തരം : ദണ്ഡിയാത്ര*

1. **പാർത്ഥിവ് എം.ജി.,** കുറ്റിയോട്ട്, ചെറുവണ്ണൂർ പി.ഒ., മേപ്പയൂർ വഴി, കോഴിക്കോട് – 673524
2. **ശ്രീതിക പി.എൻ,** ശ്രീദീപം, മേച്ചേരി, കയരളം പി.ഒ., മയ്യിൽ –670602

# കാർത്തിക

**എം.എം.രാജൻ കുറിഞ്ഞാലിയോട്**

ചിത്രീകരണം: കെ.സതീഷ്

കണ്ടുവോ മാനം നീളെ
തുടുമുന്തിരിക്കുലകൾ പോ–
ലെത്രയും മനോജ്ഞമീ
നക്ഷത്രക്കൂട്ടം നോക്കൂ..

ഒന്നല്ല പത്തല്ല
നൂറുമല്ലതിലേറെ
താരകൾ നിറഞ്ഞതാ–
ണാമനോഹരരൂപം.

കാർത്തിക നക്ഷത്രത്തിൻ
കൂട്ടമാണതു രാവിൽ
കൂട്ടരേ നമ്മെനോക്കി
പുഞ്ചിരി തൂകിടുന്നു.

എത്രയോ പ്രകാശത്തിൻ
വർഷങ്ങൾക്കപ്പുറത്താ–
ണൊക്കെയും അവിടെക്കൊ–
ന്നെത്തുവാൻ കഴിയില്ല.

എങ്കിലുമവിടേയ്ക്കും
പറത്താൻ കഴിഞ്ഞീടും
നമ്മുടെ മനസ്സിലെ
സങ്കൽപ്പവിമാനത്തെ.

ആ വിമാനത്തിലേറി
നമുക്കാ ലോകത്തെത്താം
സൂര്യനെ വലം വെക്കും
ഭൂമിയെ നോക്കിക്കാണാം.





യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി
വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം
www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന്
ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

## പറയാം,

# പല്ലുവിശേഷങ്ങൾ

**ഡോ. മണികണ്ഠൻ ജി ആർ**



ചിത്രീകരണം: രാജീവ് എൻ ടി


പല്ല് നന്നായാൽ പാതി നന്നായി എന്നൊരു ചൊല്ലുണ്ട്. കൂട്ടുകാർ കേട്ടിട്ടുണ്ടോ?

ആരോഗ്യമുള്ള ശരീരമുണ്ടാവാൻ പോഷകങ്ങൾ നിറഞ്ഞ ഭക്ഷണം കഴിക്കണം. വെറുതേ കഴിച്ചാൽ മതിയോ? പോര; നന്നായി ചവച്ചരച്ച് തന്നെ കഴിക്കണം. അതിനെന്തു വേണം? പല്ലുകൾ വേണം; നല്ല ബലമുള്ള പല്ലുകൾ. പല്ലു നന്നായാൽ പാതി നന്നാവുന്നതെങ്ങനെയെന്ന് ഇപ്പോൾ പിടികിട്ടിക്കാണുമല്ലോ.

ഇത്ര കേമൻമാരായ പല്ലുകളെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? ജീവികളുടെ താടിയെല്ലിൽ ഉറപ്പിച്ചിരിക്കുന്ന ബലമേറിയ ശരീരഭാഗങ്ങളാണ് പല്ലുകൾ അല്ലേ? ശ്ശോ! പറയാൻ മറന്നു. ഞാനൊരു ദന്തഡോക്ടറാണ്. എന്നു പറഞ്ഞാൽ പല്ലുകളുടെ ഡോക്ടർ! മനുഷ്യർക്ക് 32 പല്ലുകളാണുള്ളതെന്ന് നിങ്ങൾക്കറിയാമല്ലോ. കാര്യങ്ങൾ ചോദിച്ചറിയാനായി 32 പേരെയും ഇതാ നിരത്തി നിർത്തിയിട്ടുണ്ട്. ശരി. ഇനി നേരിട്ടു ചോദിച്ചറിഞ്ഞോളൂ.


### പല്ലുകൾ എത്ര തരം?

മനുഷ്യരിൽ, പാൽപ്പല്ലുകൾ, സ്ഥിരദന്തങ്ങൾ എന്നിങ്ങനെ രണ്ട് തരക്കാരാണ്




ഞങ്ങൾ. കുഞ്ഞുങ്ങൾക്ക് സാധാരണയായി ആറു മാസം പ്രായമാവുമ്പോഴേക്കും കീഴ്ത്താടിയിലെ മുൻനിരയിൽ ആദ്യത്തെ പാൽപ്പല്ല് മുളച്ചു തുടങ്ങും. എന്തു രസമാണെന്നോ കാണാൻ! പിന്നെ പതുക്കെപ്പതുക്കെ മറ്റുള്ളവരുമെത്തും. ആകെ ഇരുപതു പേർ! കുറച്ച് വർഷങ്ങൾക്കു ശേഷം ഇവരൊക്കെ കൊഴിഞ്ഞ് പോകും. പിന്നീട് വരുന്നവരാണ് സ്ഥിരദന്തങ്ങൾ. 12 വയസ്സോടെ 28 സ്ഥിരദന്തങ്ങൾ നിങ്ങളുടെ വായ്ക്കുള്ളിൽ സ്ഥാനം പിടിക്കും. ബാക്കി നാലുപേർ എത്താൻ പിന്നേയും കുറേ വർഷങ്ങൾ വേണം.

18 വയസ്സുമുതൽ 25 വയസ്സുവരെയുള്ള കാലത്തിനിടയിൽ വന്നുചേരുന്ന ഇവരെ 'വിവേകദന്തങ്ങൾ' അഥവാ wisdom teeth എന്നാണ് വിളിക്കുന്നത്. മറ്റുള്ളവർക്കും പേരുകളുണ്ട് കേട്ടോ. ഏറ്റവും മുന്നിൽ, നിങ്ങൾ ചിരിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്നവരുണ്ടല്ലോ, അവരാണ് ഉളിപ്പല്ലുകൾ അഥവാ incisors. അതു കഴിഞ്ഞുള്ളവർക്ക് കോമ്പല്ലുകൾ അഥവാ canines എന്നാണ് പേര്. അവരുടെ പുറകിലായി മുന്നണപ്പല്ലുകൾ അഥവാ premolars. അവസാനമായി അണപ്പല്ലുകൾ അഥവാ molars. ഇവരാണ് കേട്ടോ ഞാൻ നേരത്തേ പറഞ്ഞ 'വിവേകദന്തങ്ങൾ.'



## പല്ലിന്റെ ഘടനയെക്കുറിച്ച് പറയാമോ?

"പിന്നെന്താ. സന്തോഷത്തോടെ പറയാം. മോണയ്ക്ക് പുറത്തും അകത്തുമായി പ്രധാനമായും നാലു ഭാഗങ്ങളാണ് ഞങ്ങൾക്കുള്ളത്. മോണയ്ക്ക് പുറത്തുകാണുന്ന മകുടഭാഗത്തിനും (crown)






മോണക്കുള്ളിലുള്ള വേരിനും പൊതുവായുള്ള ഭാഗമാണ് ദന്തവസ്തു (dentin). ക്രൗണിൽ ഇതിനു മുകളിലായി ഇനാമലും (enamel) വേരിൽ ഇതിനു മുകളിലായി സിമന്റ(cementum)വും കാണപ്പെടുന്നു. ഏറ്റവും ഉൾഭാഗത്തായാണ് ദന്തമജ്ജ (pulp) എന്നു പറയുന്നത്. ചൂടും തണുപ്പുമെല്ലാം അറിയാൻ പറ്റുന്ന ഞരമ്പുകളും രക്തക്കുഴ ലുകളുമെല്ലാം ദന്തമജ്ജയിലുണ്ട്. ദന്തമജ്ജ സ്ഥിതിചെയ്യുന്ന വേരിന്റെ ഭാഗത്തെ റൂട്ട് കനാൽ (root canal) എന്നും പറയുന്നു."

"നിങ്ങൾക്കറിയാമോ, ഞങ്ങളെ ഉൾക്കൊള്ളുന്ന അസ്ഥിയുടെ ഭാഗത്തിന് ആൽവിയോളാർ ബോൺ എന്നും ഈ അസ്ഥിക്കും ഞങ്ങൾക്കുമിടയിലെ മൃദുകലയെ അസ്ഥിബന്ധം അഥവാ പെരിയോ ഡോണ്ടൽ ലിഗ്മെന്റ് എന്നുമാണ് പറയുക. ഇവിടെ വളരെ മൃദുവായതും എന്നാൽ ഞങ്ങൾക്ക് ക്ഷതം വരാതെ തടയുന്നതുമായ നേർത്ത തന്തുക്കളും സ്നായുക്കളും സ്ഥിതിചെയ്യുന്നു. ഇവയിൽ സംഭവിക്കുന്ന അപാകതകളാണ് മോണരോഗങ്ങൾക്ക് കാരണമാവുന്നത്."

"മറ്റൊരു പ്രധാന കാര്യം കൂടി പറയാം. നന്നായി തേച്ച് വൃത്തിയാക്കി സൂക്ഷിച്ചില്ലെങ്കിൽ ഞങ്ങൾക്ക് അണുബാധയുണ്ടാവും. ഇനാമൽ നഷ്ടപ്പെടുകയും ദ്വാരങ്ങളുണ്ടാവുകയും ചെയ്യും. പൾപ്പിലേക്ക് അണുബാധയെത്തിയാൽ നീരും വേദനയുമുണ്ടാവും. അങ്ങനെ നിങ്ങൾ ദാ, ഇതുപോലുള്ള ദന്തഡോക്ടർമാരുടെ അടുത്തെത്തും. അവരുണ്ടല്ലോ ഞങ്ങളെ പറിച്ചെടുത്ത് ദൂരെ കളയും. ഹൊ! ഓർക്കുമ്പോൾ തന്നെ പേടിയാവുന്നു. ഇന്നിനി ഒന്നും പറയാൻ മൂഡില്ല. ഇനിയെന്തെങ്കിലും അറിയണമെങ്കിൽ നിങ്ങൾ ഡോക്ടറോടു തന്നെ ചോദിച്ചോളൂ."

## ഓരോതരം പല്ലുകൾക്കും വെവ്വേറെ ജോലികളാണോ?

**വേ**രൊക്കെ അറിഞ്ഞപ്പോൾ ഞങ്ങളുടെ ജോലിയെക്കുറിച്ചറിയണമെന്നായി അല്ലേ? ശരിയാണ്. ഞങ്ങൾക്കെല്ലാം വെവ്വേറെ ജോലികളാണ്. ഓരോരുത്തരുടേയും ജോലിയെക്കുറിച്ച് അവർ തന്നെ പറയട്ടെ. എന്താ?




"ഭക്ഷണപദാർഥങ്ങൾ കത്രികകൊണ്ട് മുറിക്കുന്നതുപോലെ രണ്ടായി കടിച്ചുമുറിക്കാൻ നിങ്ങളെ സഹായിക്കുന്നത് ഞങ്ങൾ ഉളിപ്പല്ലു കളാണ്."

"ഞങ്ങൾ കോമ്പല്ലുകൾ (canines) കടിച്ചുകീറുന്ന ജോലിക്കാരാണ്. പ്രധാനമായും മാംസാഹാരം കഴിക്കുമ്പോഴാണ് ഞങ്ങളുടെ സേവനം ആവശ്യമായി വരുന്നത്."

"ചവച്ചരയ്ക്കൽ, കടിച്ചുപൊട്ടിക്കൽ – ഇതാണ് ഞങ്ങൾ മുന്നണപ്പല്ലുക (pre – molars)ളുടെ വകുപ്പ്."

"ഭക്ഷണം ചവച്ചരയ്ക്കുന്നതിൽ വലിയ പങ്കും ഞങ്ങൾ അണപ്പല്ലുകളാണ് (molars) ചെയ്യുന്നത്."




# ആരെന്ന് പറയാമോ?

നിങ്ങളുടെ ഉത്തരം വാട്സ് ആപ്പിൽ അയയ്ക്കൂ. പേര്, സ്കൂൾ വിലാസം, ഫോൺ നമ്പർ എന്നിവ ഉത്തരത്തോടൊപ്പം മെസേജിൽ ഉൾപ്പെടുത്തണം. മാർച്ച് 10 നു മുമ്പായി ഉത്തരം ലഭിക്കണം.

ശരിയുത്തരമയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ രണ്ട് പേർക്ക് സമ്മാനം.

**വാട്സ് ആപ്പ് നമ്പർ :**

**9497172919**

കുഞ്ഞനുജത്തിയെ അവൻ ജീവനു തുല്യം സ്നേഹിച്ചിരുന്നു. മഴയുള്ള ഒരു നാൾ സ്കൂളിൽ പോവുമ്പോൾ, അവളെ കുടയിൽ നിർത്താതിരുന്ന പണക്കാരിക്കുട്ടിയുടെ നെറ്റി അവൻ കല്ലെറിഞ്ഞു പൊട്ടിച്ചു. പോലീസിനെപ്പേടിച്ച് ആ ചെറുപയ്യൻ നാടുവിട്ടു. ഒരു കുടയുമായി മടങ്ങി വരുമെന്ന് പോകാൻ നേരം അവൾക്കുറപ്പു നൽകി.

പിന്നീട്, അവൾക്കും വീടുവിട്ടിറങ്ങേണ്ടി വന്നു. രണ്ടു പേരും മുതിർന്നു. അപ്പോഴേയ്ക്കും അവർ ദുരിതങ്ങളിൽ നിന്നു കരകയറിയിരുന്നു. അവൻ പഠിച്ചു ഡോക്ടറായിരുന്നു. അവർ തമ്മിൽ കണ്ടുമുട്ടി.

കാലമേറെക്കഴിഞ്ഞെങ്കിലും ആ ചേട്ടൻ അനുജത്തിക്കു കൊടുത്ത വാക്കു മറന്നില്ല. അവനവൾക്കു കുട സമ്മാനിച്ചു.

ഈ ചേട്ടനെയും അനിയത്തിയെയും നിങ്ങൾക്കു പരിചയമുണ്ടോ? ഏതു കൃതിയിലെ കഥാപാത്രങ്ങളാണിവർ? നിങ്ങളുടെ ഉത്തരം യുറീക്കയ്ക്ക് വാട്സ് ആപ്പ് ചെയ്യൂ. ശരിയുത്തരമയക്കുന്നവരിൽ നിന്ന് രണ്ടുപേർക്ക് സമ്മാനം.

ഒപ്പം ആ പുസ്തകത്തെക്കുറിച്ച് ഒരു ആസ്വാദനക്കുറിപ്പ് കൂടി എഴുതിനോക്കൂ...



## നമ്മുടെ പല്ലുകളെപ്പോലെയാണോ മറ്റു ജീവികൾക്കും?

മനുഷ്യരുടെ പല്ലുകൾ പോലെ തന്നെ മറ്റു ജീവജാലങ്ങളുടെ പല്ലുകളിലും വൈവിധ്യങ്ങൾ ഉണ്ട്. മാംസഭുക്കുകളായ ജീവികൾക്ക് കൂർത്ത കോമ്പല്ലുകൾ ഉണ്ടാവും. ഇനി കടുവയെയും സിംഹത്തേയുമൊക്കെ കാണുമ്പോൾ അവയുടെ കൂർത്ത കോമ്പല്ലുകൾ ശ്രദ്ധിക്കാൻ മറക്കരുതേ. ആനയുടെ മുൻനിരപ്പല്ലാണ് അവയുടെ നീണ്ട കൊമ്പുകളായി രൂപം പ്രാപിച്ചിരിക്കുന്നത്. നമ്മുടെ പല്ലുകളിൽ കേടും പൊട്ടലുമൊക്കെ വരാറില്ലേ. അതുപോലെ ആനയുടെ കൊമ്പിലും ഉണ്ടാവാറുണ്ടത്രേ. നാളെ നേരം വെളുക്കുമ്പോഴേക്കും നിങ്ങളുടെ മുൻനിരപ്പല്ല് വളർന്ന് കോമ്പല്ലുകളായാൽ എങ്ങനെയുണ്ടാവും. ഒന്നോർത്തുനോക്കൂ.


“ഇനി കുതിരയുടെ പല്ല് കണ്ടിട്ടുണ്ടോ? തലയോടിനേക്കാൾ ബലമാണ് അവയുടെ പല്ലുകൾക്ക്.

മനുഷ്യനുള്ളപോലെ 32 പല്ലുകൾ ജിറാഫിനുമുണ്ട്. പക്ഷേ, മേൽത്താടിയിലെ മുൻനിരപ്പല്ലുകൾ അവയ്ക്കില്ല.

ഇരുപത്തയ്യായിരത്തോളം പല്ലുകളുണ്ട്. വളരെ ചെറുത്. കണ്ണുകൊണ്ട് കാണാൻ പോലുമാവാത്തത്. വായിലല്ല. നാവിൽ! ആരാണ് ഈ മായാവി എന്നാവും. നമ്മുടെ ഒച്ചാണ് ഈ വീരൻ. എലി, മുയൽ, അണ്ണാൻ തുടങ്ങിയവയ്ക്കൊക്കെ എപ്പോഴും വളരുന്ന പല്ലാണുള്ളത്. സ്രാവിനാവട്ടെ എല്ലാ ആഴ്ചയിലും പല്ലുകൾ പൊഴിഞ്ഞ് പുതിയവ വരാറുണ്ട്. ഇനി ഒരു സൂത്രം കൂടി പറയാം. പല്ലു നോക്കിയാൽ പ്രായം അറിയാം. മനുഷ്യരുടേതല്ല. ഡോൾഫിനുകളുടെ പല്ലുകളിലുള്ള വളയം നോക്കി അവയുടെ പ്രായം നിർണയിക്കാൻ കഴിയും. രസകരവും വിജ്ഞാനപ്രദവുമായ പലതും ഇനിയുമുണ്ട് പല്ലുകളെക്കുറിച്ച് പറയാനും അറിയാനും.

കൂട്ടുകാർ അന്വേഷിച്ച് കണ്ടെത്തൂ. യുറീക്കയുമായി പങ്കുവയ്ക്കൂ.

സ്കാൻ ചെയ്യൂ,
പല്ലുവിശേഷങ്ങൾ അറിയൂ.



# പുലരി

സി.എം.വിനയചന്ദ്രൻ

ചിത്രീകരണം: സൂരജ് കക്കറയിൽ

മഴ നനഞ്ഞൊരു മലരുമുറ്റ–
ത്തിളകിയാടുന്നു
തണുപടർന്നൊരു മിഴിയി–
ലീറൻ കവിത വിരിയുന്നു.

പുലരൊളിച്ചിരി വന്നു പൂവിൻ
കവിളിൽ മുത്തുന്നു
പതിയെ മധുരം തൊട്ടെടു–
ത്തൊരു കനവു നെയ്യുന്നു.

പുഴ കടന്നൊരു കാറ്റു വന്നൊ–
ന്നരികിൽ നിൽക്കുന്നു.
പൂവു പുലരിക്കാറ്റിനോ–
ടൊരു പാട്ടു മൂളുന്നു.

പാട്ടിലെപ്പുതു പരിമളം പൂ–
ത്തുലയുമാ നേരം
മണ്ണു മഴവില്ലുഴകെഴു–
ന്നൊരു വേദിയാവുന്നു.

✷




## കത്തുകൾ എനിക്കേറെയിഷ്ടം

എത്ര കിളിയുടെ പാട്ടറിയാം എത്ര കിളിയുടെ പേരറിയാം എന്ന പരിപാടിയിൽ ഞാനും പങ്കെടുത്തു. ഒരുപാട് കിളികളെ കുറിച്ച് അറിയാൻ കഴിഞ്ഞതിൽ വളരെ സന്തോഷം. ഇതൊക്കെ പറഞ്ഞുതന്ന കർത്താ മാമന് എന്റെ നന്ദി. അവർ പറഞ്ഞ പ്രവർത്തനങ്ങൾ ചെയ്തിട്ട് ഞാനത് സോഷ്യൽ മീഡിയ വഴി അയച്ചു കൊടുത്തു. ഈ കൊറോണക്കാലത്ത് കുട്ടികൾക്ക് വേണ്ടി ഇങ്ങനെ ഒരു പരിപാടി ഒരുക്കിയതിന് നന്ദി മാമാ. പിന്നെ, യുറീക്ക കയ്യിൽ കിട്ടിയാൽ ആദ്യം തന്നെ ഞാൻ വായിക്കാറുള്ളത് കൂട്ടുകാരുടെ കത്തുകളാണ്.

**അനുനന്ദ. എസ്. എച്ച് ,** 8 ബി, ജി എച്ച് എസ് എസ് കടന്നപ്പള്ളി

## ഓരോന്നോരോന്ന് ഇഷ്ടമായീ...

എന്റെ പേര് ആദിലക്ഷ്മി. മാമന് എന്നെ ആദിയെന്ന് വിളിക്കാം. ഓൺലൈൻ ക്ലാസുകൾ ഉള്ളതിനാൽ ബോറടിയില്ലാതെ ലോക്ഡൗൺകാലം പോകുന്നു. യുറീക്കയിലെ 'ഓരോന്നോരോന്ന്' എന്ന പംക്തി എനിക്ക് വളരെയധികം ഇഷ്ടമാണ്. ഇതിലൂടെ എന്റെ ചുറ്റുപാടുമുള്ള ഒരുപാട് പൂക്കളെക്കുറിച്ച് അറിയാൻ സാധിച്ചു. അവയെക്കുറിച്ചുള്ള കവിതകളും രസമുണ്ട്. 'ഭൂമിയിലെ നക്ഷത്രങ്ങൾ' എന്ന നോവലും എനിക്കേറെ ഇഷ്ടപ്പെട്ടതാണ്. ഞാൻ യുറീക്ക കയ്യിൽ കിട്ടിയപാടെ ആ നോവൽ വായിച്ചുനോക്കും. കവർ ചിത്രങ്ങളും ഉഷാറാകുന്നുണ്ട്.
**ആദിലക്ഷ്മി എം.,** മാറോളി ഹൗസ്, ഇറയിക്കൊല്ലി, നിടുംപൊയിൽ പി.ഒ., കണ്ണൂർ

## ഞാനും കയറി



എന്റെ വീടിനു മുമ്പിൽ തന്നെ ഒരു മാവുണ്ട്. മാങ്ങാക്കാലത്ത് ഞാനും അച്ഛനും മാങ്ങ പാകമായോന്ന് നോക്കാൻ അധിക ദിവസവും അതിന്റെ ചോട്ടിൽ പോവും. അത്യാവശ്യം ചിലതെല്ലാം എനിക്ക് പറിക്കാൻ പാകത്തിൽ താഴെയുണ്ടായിരുന്നു. എങ്കിലും എനിക്കൊരു മോഹം. മരത്തിൽ കയറിപ്പറിക്കണം. ഇതുവരെയായിട്ടും ഞാൻ മരത്തിൽ കയറിയിട്ടില്ല. അച്ഛനോട് ഞാനത് പറയുമ്പോഴേക്കും എന്നെ ഒരു കൊമ്പിൽ കയറ്റി. മുകളിലെത്തിയ എന്നെക്കണ്ട് അണ്ണാറക്കണ്ണനും കാക്കച്ചിയും പേടിച്ചോടി. എനിക്കാണെങ്കിലോ പേടി മാറിയതുമില്ല. എങ്കിലും കൊമ്പിലിരുന്ന് ഞാൻ കുറച്ചു മാങ്ങകൾ പറിച്ചു. ഒത്തിരി സന്തോഷമായി. ആദ്യമായി മരത്തിൽ കയറിയ അനുഭവം ഒരിക്കലും മറക്കില്ല.

**അർഷിയ എസ്.,** അപ്പാ കോട്ടേജ്, എം.എച്ച്.എസ്.റോഡ്, പുതുനഗരം, പാലക്കാട് 678503

e-mail: priyappettaeureke@gmail.com



## തീർന്നാ മതിയായിരുന്നു

കൊറോണ കാരണം പുറത്തേക്കിറങ്ങാൻ പറ്റുന്നില്ല. യുറീക്ക വായിച്ചാണ് ഞാനെന്റെ ബോറടി മാറ്റുന്നത്. ഭൂമിയിലെ നക്ഷത്രങ്ങൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അതിൽ സുപ്പു പറയുന്നത് കേട്ടാൽ എനിക്ക് സന്തോഷവും സങ്കടവും ചിരിയുമൊക്കെ വരും. കൊറോണ കാരണം കുറേ യുറീക്ക കിട്ടിയില്ല. അതുകൊണ്ട് വളരെ വിഷമം ഉണ്ട്. ഈ കൊറോണ പെട്ടെന്ന് തീർന്നാ മതിയായിരുന്നു.

**സന്മയ 5 എ,** മാങ്ങാട്ടിടം യു പി സ്കൂൾ, മാങ്ങാട്ടിടം, കണ്ണൂർ

## എന്റെ മാവ്

എനിക്കൊരു മാവുണ്ട്. അത് എന്റെ അച്ഛമ്മയും കുഞ്ഞച്ചനും കൂടിയാണ് നട്ടത്. ഞാനും എന്റെ അനിയനും അതിൽ കയറിയും അതിന്റെ തണലത്ത് ഊഞ്ഞാലാടിയും കളിക്കാറുണ്ട്. മാമ്പഴക്കാലം ആകുമ്പോൾ ഞങ്ങൾക്ക് കുറെ മാമ്പഴങ്ങൾ തരാറുമുണ്ട് ആ മാവ്. ഞങ്ങളോട് കൂട്ടുകൂടി കളിക്കാൻ ചക്കരമാവിൽ അണ്ണാന്മാരും കിളികളും വരാറുണ്ട് കേട്ടോ. പക്ഷേ, ഒരു ഇത്തിക്കണ്ണി അതിൽ പടർന്നു കയറിയിട്ടുണ്ട്. അതുകൊണ്ട് അത് ഉണങ്ങുമോ എന്ന് എനിക്ക് പേടിയുണ്ട് .

**നിരുപമ വി എം,**
വഴി നടക്കൽ ഹൗസ്, മാടവന, കൊടുങ്ങല്ലൂർ.

## ഞാനും കഥാകാരിയായി

ജൂലൈ ലക്കത്തിൽ ഞാറ്റടിയിലെ "തവളയും കുണ്ടും" കഥയും ചിത്രവും കണ്ട് എനിക്ക് സന്തോഷമായി.

എന്റെ കഥ യുറീക്കയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു! ഞാൻ തുള്ളിച്ചാടി. യുറീക്ക എല്ലാവരെയും കാണിച്ചു. പെരുത്ത് നന്ദി,എന്റെ പൊന്നു യുറീക്കേ.

**ശ്രീകല അരുൺ,**
1 ാം തരം, ചോക്ക് ആന്റ് ഡസ്റ്റർ സ്കൂൾ, പറവൂർ, എറണാകുളം ജില്ല.

## മാമാ, ചുറ്റിക്കറങ്ങണ്ടാ..

ഈ ആഗസ്റ്റ് മാസത്തിൽ വന്ന ലക്കം വളരെ നന്നായിരുന്നു. ഓണത്തെക്കുറിച്ച് ഒരു പ്രത്യേക ലക്കം യുറീക്ക തയ്യാറാക്കുമോ. എല്ലാ വായനക്കാർക്കും നല്ല ഓണ അറിവ് ലഭിക്കട്ടെ. യുറീക്കയ്ക്ക് ഞാൻ ഓണാശംസ അർപ്പിക്കുന്നു. പിന്നെ യുറീക്കാമാമനോട് എനിക്ക് ഒരു കാര്യം പറയാനുണ്ട് “കോവിഡാണ് ചുറ്റി കറങ്ങണ്ട.”

യുറീക്കയുടെ മുഖക്കുറി വായിക്കാൻ എനിക്ക് വളരെ ഇഷ്ടമാണ്. എനിക്ക് ഒരു സംശയമുണ്ട്. ഹൈഡ്രജൻ ബലൂൺ മുകളിലേക്ക് പോകുന്നു താഴേക്ക് വരുന്നില്ല. എന്താ കാരണം ഒന്ന് പറഞ്ഞ് തരാമോ.

**ഹരികൃഷ്ണൻ പി.,** 6 ബി, ഗുരുകുലം പബ്ലിക് സ്കൂൾ, 9287558521,




പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.

കഥനേരം–1

# സുട്ടു പറയുന്ന കഥകൾ




**പാറു**

ചിത്രീകരണം: കെ.സതീഷ്


നട്ടുച്ചയായി. കാററുപോലും വീശാത്ത ഒരുണ്ണ നേരം.

സുട്ടുവിന് തൈരും കൂട്ടി ചോറു കൊടുക്കുകയാണ് അമ്മ.




"സുട്ടുമണീ... നോക്ക്, അപ്പുറത്തെ പറമ്പിൽ.."

"പശുമ്പ പുല്ല് തിന്നണു!" അമ്മ മുഴുമിപ്പിക്കും മുന്നേ അവൾ ചാടിക്കേറി പറഞ്ഞു.

ആ നേരത്ത് വായിലൊരു കുഞ്ഞുരുള!

"സുട്ടുമണീ... നമ്മടെ ആമേടേം മൊയലിന്റേം കഥയൊന്ന് പറഞ്ഞേ. നിനക്ക് ഓർമ ണ്ടോ ന്നു നോക്കട്ടെ."

അടുത്ത ചോറുരുള കൊടുക്കാനുള്ള വഴി നോക്കുകയാണ് അമ്മ.

പറമ്പിലാകെ മരങ്ങൾ, കിളികൾ, കുളം, പശു...

സുട്ടു എല്ലാമൊന്നു നോക്കി, കഥ പറഞ്ഞു തുടങ്ങി–

"ഒരു... കാട്ടിലേ... ഒരു ദുവസം..."

അമ്മ കേട്ടിരുന്നു; അടുത്ത വരി പറഞ്ഞു കൊടുത്തു– "ഒരു ആമീം മൊയലും..."

"ഒരു പക്ഷീണ്ടാര്ന്നു!" – സുട്ടു കഥയിലെ ആദ്യത്തെ വരി പറ



"പിന്നെ.. പക്ഷി തോർത്ത് കഴ്കി. ഉടുപ്പ് ഇട്ടു."

"പക്ഷി ഉടുപ്പൊക്കെ ഇട്ടിട്ട് എന്തു ചെയ്യാനാണ്!"

"പക്ഷി ഉടുപ്പിട്ട്, നടക്കാമ്പോയി.."

സുട്ടു കഥ പറഞ്ഞു നിർത്തി. അവസാനത്തെ ചോറുരുളയും കഴിഞ്ഞു.

"വൈന്നേരം വെയിലാറീട്ട്, മേല് കഴുകി, ഉടുപ്പിട്ട്, നമ്മക്ക് നടക്കാൻ പോവാം ട്ടോ സുട്ടുമണീ.."

അമ്മ മുഖം കഴുകിച്ചു തുടയ്ക്കുമ്പോഴേക്കും സുട്ടു ഉറക്കം തൂങ്ങിയിരുന്നു.

✷

ഞ്ഞു. രണ്ടു വയസ്സുകാരിയുടെ ആദ്യത്തെ വരി കഥ!

"എന്ന്ട്ടോ?" അമ്മ ചോദിച്ചു.

"ആ പക്ഷി ഒരു ദുവസം ഒരു തോട്ടില് എറങ്ങി കുളിച്ചു. പക്ഷി എന്നട്ട് തല തോർത്തി, മേല് തോർത്തി.."

കഥയങ്ങനെ തട്ടും തടയുമില്ലാതെ ഒഴുകി!

"പിന്നെയോ?" അമ്മ ശരിക്കും കണ്ണുമിഴിച്ചു.



# എണ്ണം എഴുതാമോ?



**സൈജ എസ്**


ചിത്രീകരണം: രാജീവ് എൻ ടി

അപ്പൂപ്പൻകുട്ടിയാണ് ലിയ.

അപ്പൂപ്പൻ എവിടെ പോവുകയാണെങ്കിലും ലിയ കൂടെ പോകും. ഓരോ പൂവിതളും തൊട്ടുനോക്കും. പിന്നെ അപ്പൂപ്പനെക്കൊണ്ട് എണ്ണിക്കും.

പക്ഷേ, അവൾക്ക് ഒന്ന്, രണ്ട്... പിന്നെ മൂന്നാണോ നാലാണോ ആദ്യം എന്ന് എപ്പഴും പ്രശ്നമാണ്.

അങ്ങനെയാണ് അപ്പൂപ്പൻ മൂന്നിനെയും നാലിനെയും അവരുടെ കൂട്ടുകാരായി ഒപ്പം കൂട്ടുന്നത്.





**Volume 42 No. 9 Eureka 2020 October 1, 44 Pages**
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.



ചെമ്പരത്തിപ്പൂവ് കണ്ടാൽ അവൾ ചോദിക്കും "അപ്പൂപ്പാ ഇതിൽ മൂന്നും നാലുമുണ്ടോ?"

"എണ്ണിനോക്കൂ."

ലിയ എണ്ണാൻ തുടങ്ങും.

ഉണ്ട്... ഉണ്ട്... മൂന്നും നാലുമുണ്ട്. അവൾ വിളിച്ചുപറയും.

ചെടിയുടെ ഇലകൾ എണ്ണും. മൂന്നിനെയും നാലിനെയും കണ്ടെത്തും.

അങ്ങനെയാണ് ഒരു ദിവസം തോട്ടിൻ കരയിൽനിന്ന് ഒരു തവളക്കൂട്ടം അവരുടെ മുന്നിലേക്ക് ചാടിയെത്തിയത്.

പേക്രോം പേക്രോം പേക്രോം...

ലിയ തവളകളെ ഒച്ചയുണ്ടാക്കി പേടിപ്പിക്കാൻ തുടങ്ങി.

"ഒച്ച വയ്ക്കേണ്ട. അവയെ എണ്ണിനോക്കൂ..." അപ്പൂപ്പൻ പറഞ്ഞു.

പക്ഷേ, എണ്ണാൻ നോക്കുമ്പോഴേക്കും ഓരോന്നും ചാടിച്ചാടി ഓരോ വഴിക്കെത്തും. ലിയ മൂന്നെന്ന് എണ്ണിയ തവള അവിടെ നിൽക്കാതെ നാലെന്ന് എണ്ണിയതിന്റെ അടുത്തേക്ക് ചാടി.

"ഞാനെണ്ണിയ മൂന്നും നാലും മനസ്സിലാവുന്നില്ല." അവൾ പറഞ്ഞു.

അപ്പൂപ്പന് ചിരിവന്നു. വേഗം എണ്ണാൻ നമുക്ക് പഠിക്കാം. അങ്ങനെ അവർ വേഗം എണ്ണാൻ പഠിക്കാൻ തുടങ്ങി.

ആകാശത്തെ പക്ഷികളെയും, ഒരു കുലയിലെ പഴങ്ങളെയും തേങ്ങാക്കാരൻ പറിച്ചിടുന്ന കുലത്തേങ്ങകളെയും അവൾ വേഗം എണ്ണാൻ പഠിച്ചു. നിങ്ങൾക്കും വേഗം എണ്ണാനറിയാമോ? ശ്രമിച്ചുനോക്കൂ...

Date of Publication : 25/9/2020 EUREKA Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78

